## സബ്മിഷൻ

പ്രതികളെ കണ്ടെത്തൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, കഴിഞ്ഞ മാസം 6-ാം തീയതി പുലർച്ചെ ഒന്നര മണിയോടു കൂടി ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ശ്രീ. ജിജോ എം. ജെ.-യുടെ വസതിയിൽ സൂക്ഷിച്ചിരുന്ന ഹീറോ ഹോണ്ട ബൈക്ക് പരിപൂർണ്ണമായി കത്തി നശിപ്പിച്ചിച്ചു. കൂടാതെ അദ്ദേഹത്തിന്റെ സാൻട്രോ കാറും ഭാഗികമായി കത്തി നശിപ്പിച്ചിഒരു സാഹചര്യമാണുണ്ടായിട്ടുള്ളത്. ഇതു സംബന്ധിച്ച് അന്വേഷിക്കുന്നതിനായി പ്രത്യേകമായ ഒരു സംവിധാനം ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇടപെട്ട് ചെയ്യുകയുണ്ടായി. അവരുടെ അന്വേഷണം വളരെ നന്നായി പോകുന്നുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ഇതുവരെ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇത് ക്രമസമാധാനവുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് കുറ്റാന്വേഷണവുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർ മുന്നോട്ടുപോകുമ്പോൾ അവർക്ക് ആത്മവിശ്വാസം നഷ്ടപ്പെടുത്തുന്ന നിലയാണ് ഇത്തരത്തിലുള്ള പ്രവർത്തികൾമൂലമുണ്ടാകുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ എല്ലാ തരത്തിലുമുള്ള ഗൗരവമുൾക്കൊണ്ടുകൊണ്ട് സമയബന്ധിതമായി ഈ പ്രതികളെ കണ്ടെത്തുന്നതിനുള്ള സാഹചര്യമുണ്ടാകണം. പലതരത്തിലുമുള്ള കുറ്റങ്ങൾ ഉണ്ടാകുമ്പോൾ നമ്മൾ വളരെ ശക്തമായ നിലയിൽ ഇടപെട്ട് കുറ്റവാളികളെ കണ്ടെത്തുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഈ പ്രത്യേക സംഘത്തെ ഉപയോഗിച്ചുകൊണ്ട് അന്വേഷണം നടത്തുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും പര്യാപ്തമാകുന്നില്ലെങ്കിൽ മറ്റുതരത്തിലുള്ള മാർഗ്ഗങ്ങൾ ഇതിലേയ്ക്ക് അവലംബിച്ച് കഴിയുന്നത്ര വേഗത്തിൽ ഈ പോലീസ് സബ് ഇൻസ്പെക്ടറുടെ

വസതിയിൽ സൂക്ഷിച്ചിരുന്ന ബൈക്കും കാറും കത്തിച്ച പ്രതികളെ കണ്ടെത്തേണ്ടത് നാടിന്റെയും കൂടി ആവശ്യമാണ്. അല്ലെങ്കിൽ കുറ്റാന്വേഷണത്തിനകത്ത് എന്തെങ്കിലും നടത്തണമെന്ന് പറഞ്ഞാൽ പോലീസുകാർ പുറകോട്ടു പോകും. അതുകൊണ്ട് അവരുടെ ആത്മവിശ്വാസം നഷ്ടപ്പെടാതിരിക്കാൻ അടിയന്തരമായി ഈ പ്രതികളെ കണ്ടെത്തുന്നതിനുള്ള ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, തൃശ്ശൂർ റൂറൽ ജില്ലയിൽ ഇരിങ്ങാലക്കുട സ്റ്റേഷൻ എസ്.ഐ. ജിജോ, മലക്കപ്പാറ പോലീസ് സ്റ്റേഷനിൽ ഗ്രേഡ് സീനിയർ സിവിൽ പോലീസ് ഓഫീസറായി ജോലി ചെയ്യുന്ന ഇദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ലിജോയും കുടുംബവും താമസിക്കുന്ന അതിരപ്പിള്ളി പോലീസ് സ്റ്റേഷന്റെ പരിധിയിലുള്ള വെറ്റിലപ്പാറയിൽ വീടിന്റെ മുന്നിൽ സൂക്ഷിച്ചിരുന്ന ഹീറോ ഹോണ്ട മോട്ടോർ സൈക്കിൾ 06.05.2014-ന് വെളുപ്പിന് ആരോ പെട്രോൾ ഒഴിച്ച് തീവച്ച് നശിപ്പിക്കുകയുണ്ടായി. ലിജോയുടെ പരാതി പ്രകാരം അതിരപ്പിള്ളി പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 447, 435, 427, 308 വകുപ്പുകൾ പ്രകാരം എക്സ്പ്ലോസീവ് സബ്സ്റ്റൻസസ് ആക്ട് 3 പ്രകാരവും ക്രൈം നമ്പർ 723/14 ആയി കേസ് രജിസ്റ്റർ ചെയ്ത് ചാലക്കുടി പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. തൃശ്ശൂർ ജില്ലാ പാലീസ് മേധാവി തുടങ്ങിയ ഉന്നത പോലീസ് ഉദ്യോഗസ്ഥർ അവിടെ സന്ദർശിച്ചു. ഫിംഗർപ്രിന്റ്, ഡോഗ് സ്ക്വാഡ്, സയന്റിഫിക് വിദഗ്ധർ എന്നിവരെല്ലാം അന്വേഷണം നടത്തികൊണ്ടിരിക്കുകയാണ്. നൂറിലേറെ പേരെ ചോദ്യം

ചെയ്യുകയുണ്ടായി. വൈകാതെ പ്രതികളെ കണ്ടെത്താൻ കഴിയുമെന്നുള്ള നിഗമനത്തിലാണ് എത്തിയിട്ടുള്ളത്.

**ജയിലിലെ മൊബൈൽ ഫോൺ ഉപയോഗം**

ശ്രീ. ഹൈബി ഈഡൻ: സർ, കേരള മന:സാക്ഷിയെ ഞെട്ടിച്ച രാഷ്ട്രീയ കൊലപാതകമായിരുന്നു ടി.പി. ചന്ദ്രശേഖരൻ വധം. ടി.പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട പ്രതികൾ താമസിക്കുന്ന ജയിലുമായി ബന്ധപ്പെട്ട് നിരവധി വാർത്തകളാണ് മാധ്യമങ്ങളിലൂടെ വരുന്നത്. കഴിഞ്ഞ ദിവസം അണ്ണൻ സുജിത് എന്ന പ്രതി താമസിച്ചിരുന്ന മുറിയിൽനിന്ന് സിംകാർഡ് കണ്ടെത്തിയത് നമ്മുടെ എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടതാണ്. പൊളിറ്റിക്കൽ ക്രൈംസിൽ ഏർപ്പെടുന്ന ആളുകൾക്ക് പലപ്പോഴും രാഷ്ട്രീയ പാർട്ടികളുടെ സംരക്ഷണം ലഭിക്കുമെന്നുള്ളതുകൊണ്ടും അവർക്ക് ഫൈവ്സ്റ്റാർ ഫെസിലിറ്റി ജയിലുകളിൽ ലഭിക്കുമെന്നും പൊതുവേയുള്ള ധാരണയാണ് ഇത്തരം ക്രൈമുകളിൽ വീണ്ടും ഏർപ്പെടാൻ ചെറുപ്പക്കാരടക്കമുള്ളവർ മുന്നോട്ടുവരുന്നത്. വിയ്യൂർ സെൻട്രൽ ജയിലിൽനിന്ന് ഇതു മാത്രമല്ല, സ്മാർട്ട് ഫോണുകൾ അതുമായി ബന്ധപ്പെട്ട ചാർജ്ജർ, മദ്യം, കഞ്ചാവ് എന്നിവ കണ്ടെടുത്തിട്ടുണ്ട്. നിരീക്ഷണ ക്യാമറകൾപോലും പ്രവർത്തിപ്പിക്കാത്ത രീതിയിലാക്കുന്ന സ്വാധീനം ഈ പ്രതികൾക്കുണ്ടെങ്കിൽ അതിനെതിരെ എന്ത് നടപടിയാണ് കേരളത്തിലെ ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ളത്? ഫേസ് ബുക്കിൽ ജയിലിനകത്തുനിന്നും എടുത്ത ഫോട്ടോകൾ പോസ്റ്റ് ചെയ്തതടക്കമുള്ള കാര്യങ്ങൾ അന്വേഷിച്ചുവരികയാണ്. യു.എസ്. ലേക്ക് അത് അയച്ചുകൊടുത്തുവെന്ന വാർത്തകൾ വന്നെങ്കിലും ഫേസ് ബുക്ക് പോസ്റ്റിംഗുമായി ബന്ധപ്പെട്ടും അതുപോലെ ജയിലിൽനിന്ന്

കണ്ടെത്തിയ സിംകാർഡുകളും ചാർജ്ജറുകളും..... ആയിരക്കണക്കിന് കോളുകളാണ് – ദൈനംദിനം 50 മുതൽ 60 വരെ കോളുകളാണ് – ഈ സിംകാർഡിൽനിന്ന് പോയിട്ടുള്ളത്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എന്ത് തുടർനടപടികളാണ് എടുത്തിട്ടുള്ളതെന്നും; ഇതുമായി ബന്ധപ്പെട്ട് സഹായം ചെയ്തിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തുനടപടി കളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, 04–06–2014–ൽ ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയായ മുഹമ്മദ് ഷാഫിയെ പോലീസ് വാഹനത്തിൽ കണ്ണൂർ ജെ.എഫ്.എം.സി. കോടതിയിൽ ഹാജരാക്കി തിരികെ കൊണ്ടുവരുന്ന സന്ദർഭത്തിൽ മാഹിയിലെ വിദേശ മദ്യ ഷാപ്പിൽനിന്ന് രണ്ട് കുപ്പി വിദേശമദ്യം വാങ്ങി വാഹനത്തിൽ സൂക്ഷിച്ച കുറ്റ ത്തിന് എ.ആർ. എ.എസ്.ഐ. ശേഖരൻ, സീനിയർ സി.പി.ഒ. മോഹനകുമാ രൻ എന്നിവരെ പ്രതികളാക്കി അബ്ക്കാരി ആക്ട് 58–ാം വകുപ്പ് പ്രകാരം ക്രൈം 403/14 നമ്പരായി കേസ് രജിസ്റ്റർ ചെയ്തു. 05–06–2014–ൽ എ.എസ്. ഐ. ശേഖരനെയും, സീനിയർ സി.പി.ഒ. മോഹനകുമാരനെയും റിമാൻഡ് ചെയ്തു. ഇതുമായി ബന്ധപ്പെട്ട് സി.പി.ഒ.–മാരായ ജോമോൻ, സരീഷ്, ഡ്രൈവർ ആന്റണി എന്നിവരെയും കേസിൽ പ്രതികളായ എ.എസ്.ഐ. ശേഖരനെയും, സീനിയർ സി.പി.ഒ. മോഹനകുമാരനെയും സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലാ ജയിലിൽ തടവിൽ കഴിയവെ ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ ജയിലിൽവച്ച് മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന്റെ ഫോട്ടോ ഫേസ് ബുക്കിൽ അപ്‌ലോഡ് ചെയ്തതിനും കസബ പോലീസ് സ്റ്റേഷനിൽ സെക്ഷൻ 86 (1) (2) (3)

Kerala Prisons and Corruptional Services Management Act പ്രകാരം രജിസ്റ്റർ ചെയ്ത ക്രൈം 675/13 നമ്പർ കേസ് കസബ സി.ഐ. അന്വേഷിച്ചു വരികയാണ്. സംഭവവുമായി ബന്ധപ്പെട്ട് ജയിൽ സൂപ്രണ്ട് ആർ. സാജൻ, ജില്ലാ ജയിലിലെ വെൽഫയർ ഓഫീസർ ആർ. രാജേഷ് കുമാർ, വാർഡൻ ശൈജേഷ് കുമാർ എന്നിവരെ സസ്പെന്റ് ചെയ്തു. അവരിപ്പോഴും സസ്പെൻഷനിൽ തുടരുകയാണ്. 04-06-2014 മുതൽ 06-06-2014 വരെയുള്ള തീയതികളിൽ മധ്യമേഖല ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ ജയിൽ ഉദ്യോഗ സ്ഥർ, പോലീസ് ഡോഗ് സ്ക്വാഡ്, ബോംബ് സ്ക്വാഡ് എന്നീ വിഭാഗങ്ങ ളുടെ സഹായത്തോടെ വിയ്യൂർ സെൻട്രൽ ജയിലിലെ എല്ലാ സെല്ലുകളിലും റെയ്ഡ് നടത്തുകയുണ്ടായി. ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയായ അണ്ണൻ സിജിത്തിനെ പാർപ്പിച്ചിരുന്ന ബി-27-ാം നമ്പർ സെല്ലിൽനിന്ന് ഒരു മൊബൈൽ ഫോൺ, ഒരു ചാർജ്ജർ, ഒരു സിംകാർഡ് എന്നിവ കണ്ടെടുത്തു. 27-ാം നമ്പർ ബ്ലോക്കിൽത്തന്നെ പാർപ്പിച്ചിട്ടുള്ള കഞ്ചാവ് കേസിലെ പ്രതി യായ ഷാജിയുടെ സെല്ലിൽനിന്ന് 100 ഗ്രാം കഞ്ചാവ് പിടിച്ചെടുത്തു. ഇതു സംബന്ധിച്ച് വിയ്യൂർ ജയിലിലെ സൂപ്രണ്ടിന്റെ പരാതി പ്രകാരം പ്രിസൺസ് ആക്ട്, സെക്ഷൻ 86 (1) (2) Kerala Prisons and Corruptional Services Management Act, Session 3 എന്നീ വകുപ്പുകൾ അനുസരിച്ച് ക്രൈം 854/2014 നമ്പരായി Prisons Act 42, N.D.P.S. Act Session 20 (b) 2 (a) അനുസരിച്ചും ക്രൈം 855/2014 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് പേരാ മംഗലം പോലീസ് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. ജില്ലാ സൈബർ സെല്ലിന്റെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. അതോടൊപ്പം തന്നെ നിരോധിത വസ്തുക്കൾ ജയിലിൽ എത്തിക്കുന്നതിന് ഏതെങ്കിലും

ജയിൽ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടോയെന്നുള്ളതിനെപ്പറ്റിയും അന്വേഷിച്ചുവരികയാണ്. ഇതുമാത്രമല്ല, ജയിലിൽനിന്ന് വിചാരണ തടവുകാരായി കിടക്കുന്ന ആളുകളെ നിരന്തരം കോടതിയിലേക്ക് കൊണ്ടുപോകുന്നത് പലതരത്തിലുള്ള സുരക്ഷാ വീഴ്ചകൾക്കും കാരണമായി വരുന്നുവെന്നുള്ള റിപ്പോർട്ടുകളുണ്ട്. അതുകൊണ്ട് ജയിലുകളും കോടതിയുമായി ബന്ധിപ്പിച്ചുകൊണ്ട് അവരെ വീഡിയോ കോൺഫറൻസിംഗിലൂടെ തെളിവെടുപ്പ് നടത്താനുള്ള സംവിധാനങ്ങൾ ഊർജ്ജിതമായി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. ജയിൽ ഡി.ജി.പി.-യോട് നിരന്തരമായി ജയിലുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

## ആർ.എസ്.എസ്. ഭീഷണി

ശ്രീ. കെ. കെ. നാരായണൻ: സർ, കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തിനുശേഷം കണ്ണൂർ ജില്ലയിലെ പാനൂർ മേഖലയിൽ ആർ.എസ്.എസ്. ക്രിമിനൽ സംഘം വ്യാപകമായ ആക്രമണങ്ങൾ സംഘടിപ്പിച്ചുവരികയാണ്. അവിടെ നിരവധി വീടുകൾക്ക് നേരെ അവർ ആക്രമണം നടത്തുകയുണ്ടായി. അക്കൂട്ടത്തിൽ രണ്ട് ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ആ പ്രദേശത്തുനിന്നും ഓടി രക്ഷപ്പെടേണ്ടി വന്നിരിക്കുകയാണ്. കല്ലേരിപ്പറമ്പിൽ എച്ചിലോട്ട്ചാലിൽ ഇസ്മയിലും എച്ചിലോട്ട് ചാലിൽ അബ്ദുറഹിമാന്റെ കുടുംബങ്ങളുമാണ് ഇങ്ങനെ ഓടി രക്ഷപ്പെട്ടത്. രണ്ട് കുടുംബങ്ങളിലുംകൂടി 16 അംഗങ്ങളുണ്ട്. 52 കൊല്ലമായി ഇസ്മയിലിന്റെ കുടുംബവും 35 കൊല്ലമായി അബ്ദുറഹിമാന്റെ കുടുംബവും അവിടെ താമസിച്ചുവരികയാണ്. ഇതിനുമുമ്പ് പലതവണയും ഇവർക്കുനേരെ ആക്രമ

ണങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ആക്രമണ പരമ്പര തുടങ്ങിയിട്ട് രണ്ട് വർഷത്തോളമായി. അതിൽ 18 വയസ്സുള്ള അബ്ദുള്ളയെന്ന കുട്ടിക്കു മാത്രമാണ് സി.പി.ഐ.(എം)-നോട് ആഭിമുഖ്യമുള്ളത്. മറ്റ് കുടുംബാംഗങ്ങളെല്ലാം രാഷ്ട്രീയമായി ലീഗുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. അബ്ദുള്ളക്കുനേരെ ഒരു മാസം മുമ്പ് വധശ്രമം നടന്നിരുന്നു. ബഷീറിനെയും കൊല്ലുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇവരുടെ വീടുകൾ പലവട്ടം ആക്രമിക്കുകയുണ്ടായി. ഇക്കഴിഞ്ഞ ഫലപ്രഖ്യാപന ദിവസം വീടുകൾക്ക് നേരെ ആക്രമണം നടത്തുകയും ജനൽ ഗ്ലാസ്സുകൾ അടിച്ചുതകർക്കുകയും ഉറുമി വീശി വീട്ടിനകത്ത് പാഞ്ഞുകയറി 7 വയസ്സുള്ള പെൺകുട്ടിയുടെ കഴുത്തിന് കത്തി വയ്ക്കാനുള്ള ശ്രമം നടത്തുകയും ചെയ്തു. പാക്കിസ്ഥാനിലേക്ക് പൊയ്ക്കൊള്ളണമെന്നാണ് ഈ അക്രമകാരികൾ വിളിച്ചുപറഞ്ഞത്. ആർ.എസ്.എസ്. പ്രവർത്തകർ സ്ഥിരമായി താവളമടിക്കുന്ന പ്രദേശമാണിത്. ജില്ലയ്ക്കകത്തും പുറത്തുനിന്നുമുള്ള ക്രിമിനലുകൾ ഇവിടെയാണ് ഒളിസങ്കേതമായി കണക്കാക്കുന്നത്. ഈ രണ്ട് കുടുംബങ്ങൾ അവിടെ നിന്ന് ഒഴിഞ്ഞു കിട്ടിയാൽ ഇവർക്ക് അവിടെ സുഖമായി സ്വൈര്യവിഹാരം നടത്താം. ഇവരുടെ ഭീഷണിയും അക്രമവും സഹിക്കാൻ വയ്യാതെ ഈ കുടുംബങ്ങൾക്ക് അവിടെനിന്ന് ജീവനുംകൊണ്ട് ഓടിപോകേണ്ടി വന്നിരിക്കുകയാണ്. ഇപ്പോൾ കുടുംബം ചിതറി പലവഴിക്കായി താമസിക്കുകയാണ്. ഞങ്ങൾ ഈ കുടുംബത്തെയും കൂട്ടി എസ്.പി.യുടെ അടുത്ത് പരാതി പറഞ്ഞു. അവിടെ മന്ത്രി ഇടപെട്ട് സമാധാന സമ്മേളനം വിളിച്ചുചേർത്തെങ്കിലും ഈ കുടുംബങ്ങളെ സ്വസ്ഥമായി സ്വന്തം വീട്ടിൽ താമസിക്കാനുള്ള സൗകര്യം ആരും ചെയ്തു കൊടുത്തിട്ടില്ല. അതുകൊണ്ട് നാടുവിട്ട് പോകേണ്ടി വന്ന ഈ രണ്ട് കുടുംബങ്ങൾക്ക് അവരുടെ സ്വന്തം വീട്ടിൽ താമസിക്കാനുള്ള സൗകര്യം ചെയ്തു

കൊടുക്കണമെന്ന് വിനയപൂർവ്വം ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ശ്രീ. കെ. കെ. നാരായണൻ എം.എൽ.എ. ഇവിടെ ഉന്നയിച്ച പ്രശ്നം പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നോട് നേരത്തേ സൂചിപ്പിച്ചതാണ്. മന്ത്രി ശ്രീ. കെ. പി. മോഹനന്റെ വീടിനടുത്താണ് ഈ സംഭവം നടന്നിട്ടുള്ളത്. 16-05-2014-ന് രാത്രി 9.00 മണിയോടെ കുളവല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള തൃപ്പങ്ങോട്ടൂർ അംശം സെൻട്രൽ പൊയിലൂരിൽ താമസിക്കുന്ന ബഷീറിന്റെ വീടിന്റെ വരാന്തയിൽ ബി.ജെ.പി.-ആർ.എസ്.എസ്. പ്രവർത്തകരായ എച്ചിലാട്ട്ചാലിൽ അനീഷ്, രമേശൻ, രാജൻ, രവി, ബിജു, രാഹുൽ എന്നിവർ അതിക്രമിച്ചുകയറി ഭീഷണിപ്പെടുത്തുകയും വീടിന്റെ ജനൽ അടിച്ചുതകർക്കുകയും ചെയ്തശേഷം തൊട്ടടുത്ത ബഷീറിന്റെ സഹോദരി സമീറ താമസിക്കുന്ന വീടിന്റെ വാതിൽ കൊടുവാൾകൊണ്ട് വെട്ടുകയും ചെയ്തു. സമീറയുടെ മകൻ അബ്ദുള്ള സി.പി.ഐ. (എം) പ്രവർത്തകനാണ്. സി.പി.ഐ. (എം) ജാഥകളിൽ ബി.ജെ.പി. പ്രവർത്തകർക്കെതിരെ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ മുഴക്കിയതിന്റെ വിരോധത്തിലാണ് ബി.ജെ.പി. - ആർ.എസ്.എസ്. പ്രവർത്തകർ വീടുകളിൽ കയറി അക്രമം കാണിച്ചതെന്നുള്ള വിവരമാണ് ലഭിച്ചത്. വീടുകൾ ആക്രമിച്ച കുറ്റത്തിന് ബഷീറിന്റെ പരാതിപ്രകാരം മേൽപ്പറഞ്ഞ 6 പേരെ പ്രതികളാക്കി IPC 143, 147, 148, 448, 427, 149 വകുപ്പുകൾ പ്രകാരം ക്രൈം നം. 402/14 നമ്പരായി 17-05-2014-ൽ കേസ് രജിസ്റ്റർ ചെയ്യുകയും ഈ കേസിലെ എല്ലാ പ്രതികളെയും 27-05-2014-ൽ അറസ്റ്റ് ചെയ്ത്

ജാമ്യത്തിൽ വിട്ടിട്ടുള്ളതുമാണ്. മേൽസംഭവത്തിനുശേഷം പരാതിക്കാരന്റെ നേരെയോ വീടിനുനേരെയോ യാതൊരുവിധ അക്രമങ്ങളും ഉണ്ടായിട്ടില്ല. ബഷീറിന്റെയും സഹോദരന്റെയും കുടുംബങ്ങൾ പാറക്കടവിലെ ബന്ധുവീട്ടിലാണ് താമസിക്കുന്നത്. ഈ കുടുംബങ്ങൾ അവരുടെ വീട്ടിലേയ്ക്ക് വന്നാൽ പോലീസ് എല്ലാ സംരക്ഷണങ്ങളും കൊടുക്കാൻ തയ്യാറാണ്. പക്ഷേ അവർ വന്നിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി കെ. പി. മോഹനൻ കൂടി മുൻകയ്യെടുത്ത് സർവ്വകക്ഷി യോഗം വിളിച്ചിരുന്നു. അതിനുശേഷം അവിടെ സമാധാനാന്തരീക്ഷം നിലനിൽക്കുകയാണ്. ആ വീട്ടിലേയ്ക്ക് തിരികെ വരാൻ ബഷീറിന്റെ കുടുംബത്തിന് താൽപ്പര്യമുണ്ടെങ്കിൽ പോലീസ് എല്ലാവിധ സംരക്ഷണവും നൽകുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിക്കുകയാണ്.

## വെബ്സൈറ്റ് ഹോക്കിംഗ്

ശ്രീ. ഷാഫി പറമ്പിൽ: സർ, വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യം സഭയുടെയും ആഭ്യന്തര വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ കാലഘട്ടത്തിന്റെ പ്രത്യേകതയായ ടെക്നോളജി അഡ്വാൻസ്ഡായപ്പോൾ നമ്മുടെ നാട്ടിൽ നടക്കുന്ന ക്രിമിനൽ കുറ്റങ്ങളുടെ സ്വഭാവത്തിലും കാര്യമായ മാറ്റമുണ്ടായിട്ടുണ്ട്. പുതിയ വെബ് സൈറ്റുകളുടെയും ഇന്റർനെറ്റിന്റെയും ലോകത്ത് നാം നേരിടേണ്ടിവരുന്ന വെല്ലുവിളികളും വലുതാണ്. നമ്മുടെ പ്രധാനപ്പെട്ട പല വെബ്സൈറ്റുകളും വിദേശ ഏജൻസികൾ ഹോക്ക് ചെയ്യുന്നതായി രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും പല തരത്തിലുള്ള റിപ്പോർട്ടുകൾ വന്നിരുന്നു. വളരെ ഗൗരവമേറിയ വിഷയമായി അതിനെ കാണുന്നതിന്റെ പ്രധാന കാരണം ഇന്നും അത്തരത്തിലുള്ള ഒരു സംഭവമുണ്ടായിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട

'ഔഷധി' എന്ന സ്ഥാപനത്തിന്റെ ആർ. ആന്റ് ഡി. പ്രവർത്തനങ്ങളും ട്രാൻസാക്ഷനുകളും ഉൾപ്പെടുന്ന ഔദ്യോഗിക വെബ്സൈറ്റ് ഒരു പാകിസ്ഥാൻ ഏജൻസി ഹോക്ക് ചെയ്തതായി അറിയാൻ കഴിയുന്നു. വർഷങ്ങളായി സംസ്ഥാനത്തെ മുഴുവൻ ആയുർവ്വേദ ആശുപത്രികളിലേക്കും കൊടുക്കുന്ന മരുന്നിന്റെ നിർമ്മാണവും അതിന്റെ കൂട്ടും സംബന്ധിച്ചുള്ള എല്ലാ റിസർച്ച് പ്രവർത്തനങ്ങളും നടക്കുന്ന ഔഷധിയുടെ ഒഫിഷ്യൽ വെബ്സൈറ്റ് ഹോക്ക് ചെയ്യുക എന്നുപറഞ്ഞാൽ അത് ഏതെങ്കിലുമൊരു സർക്കാർ ഏജൻസിയുടെ വെബ്സൈറ്റ് ഹോക്ക് ചെയ്തു എന്നതിനപ്പുറം പ്രാധാന്യമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ആകസ്മികമായി സംഭവിച്ച ഒരു കാര്യമല്ലെന്നും പകരം അഭിമാനമായ നമ്മുടെ നേട്ടങ്ങളെ വിദേശത്തുള്ള പല ആളുകളും അവരുടെ താൽക്കാലിക ഉപയോഗത്തിനുവേണ്ടി ബോധപൂർവ്വം ഹോക്ക് ചെയ്തതാണെന്ന് സംശയം വരുന്നു. വളരെ ആശങ്കാജനകമായ ഒരു കാര്യമാണിത്. ടെക്നോളജിയുടെ അഡ്വാൻസ്മെന്റുണ്ടാകുമ്പോൾ അതിൽ പല വെല്ലുവിളികളും വരുന്നു. ആ വെല്ലുവിളികളെ അതിജീവിക്കാൻ ആഭ്യന്തര വകുപ്പിനും സംസ്ഥാന സർക്കാരിനും എന്തെല്ലാം നടപടികളാണ് അടിയന്തരമായി സ്വീകരിക്കാൻ കഴിയുക. തന്ത്രപ്രധാനമായ പല വിവരങ്ങളും ഇതിൽനിന്ന് ചോർന്നുപോകുന്ന ഒരു സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി, ഒരു പാകിസ്ഥാൻ ഏജൻസി കേരള സംസ്ഥാനത്തിന്റെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒരു സ്ഥാപനത്തിന്റെ വെബ്സൈറ്റ് ഹോക്ക് ചെയ്തിരിക്കുന്ന സാഹചര്യത്തെ വളരെ ഗുരുതരമായിത്തന്നെ ഗവൺമെന്റ് നോക്കിക്കാണുമെന്ന് വിശ്വസിക്കുന്നു. എന്ത് തുടർനട

പടികളാണ് ഗവൺമെന്റിന് എടുക്കാൻ കഴിയുക എന്നുള്ളത് അങ്ങ് അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, വെബ്സൈറ്റുകൾ ഹോക്ക് ചെയ്യുന്നത് പൊതുവായി വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ്. ഇത് പല സന്ദർഭങ്ങളിലുമുണ്ടായിട്ടുണ്ട്. രണ്ട് തരത്തിലാണ് ഇതുണ്ടാകുന്നത്. ഭീകര പ്രവർത്തനങ്ങൾ, അന്തർദ്ദേശീയ സാമ്പത്തിക കുറ്റവാളികൾ, ദേശവിരുദ്ധ ശക്തികൾ ഇവരെല്ലാമാണ് പലപ്പോഴും ഇത്തരം വെബ്സൈറ്റുകൾ ഹോക്ക് ചെയ്യാറുള്ളത്. അതുപോലെ വളരെ പഠിപ്പുള്ള കുട്ടികളും ചില ആളുകളും അവരുടെ മിടുക്ക് തെളിയിക്കാൻവേണ്ടി ഹോബി എന്നുള്ള നിലയിലും വെബ്സൈറ്റുകൾ ഹോക്ക് ചെയ്യാറുണ്ട്. ഇതിനെതിരായി മതിയായ ജാഗ്രത പുലർത്തുന്നുണ്ട്. ഇന്നു രാവിലെ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഔഷധിയുടെ വെബ്സൈറ്റ് ഒരു പാകിസ്ഥാൻ ഏജൻസി ഹോക്ക് ചെയ്തുവെന്ന് ശ്രീ. ഷാഫി പറമ്പിൽ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഹൈ സെക്യൂരിറ്റിയുള്ള ഡാറ്റാ വെബ്സൈറ്റുകൾ ഹോക്ക് ചെയ്യാതിരിക്കാനുള്ള മതിയായ സംരക്ഷണം ഇപ്പോൾത്തന്നെ അതിന്റെ ഏജൻസികളുമായി ബന്ധപ്പെട്ട് സൂക്ഷിക്കാറുണ്ട്. അതാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മുടെ ഇന്റലിജൻസും മറ്റ് പോലീസ് സംവിധാനങ്ങളും ചേർന്ന് ഇത്തരം ഹൈ സെക്യൂരിറ്റിയുള്ള ഡാറ്റകളും തന്ത്രപ്രധാനമായിട്ടുള്ള വിവരങ്ങളും പുറത്തുപോകാതിരിക്കാൻ വേണ്ടിയുള്ള എല്ലാ സെക്യൂരിറ്റി നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സ്ട്രാറ്റജിക്കായിട്ടുള്ള വെബ്സൈറ്റുകൾ ഹോക്ക് ചെയ്യാതിരിക്കാൻ വേണ്ടിയുള്ള ചില പ്രത്യേക നടപടികളും ആഭ്യന്തരവകുപ്പ് കൈക്കൊണ്ടു

വരുന്നുണ്ട്. ഏതെങ്കിലുമൊരു വെബ്സൈറ്റ് ഹോക്ക് ചെയ്താലുടൻതന്നെ ബോംബെ ആസ്ഥാനമായിട്ടുള്ള സി.ഇ.ആർ.റ്റി. (Computer Emergency Response Team)-യെ അറിയിച്ച് പെട്ടെന്നുതന്നെ അത് കറക്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഇന്ന് രാവിലെ ഈ സംഭവം നടന്നപ്പോൾ ഞാൻതന്നെ ബന്ധപ്പെട്ട സെൻട്രൽ ഏജൻസികളുമായി ബന്ധപ്പെടുകയുണ്ടായി. വളരെ ഗൗരവതരമായ ഒരു കാര്യമായതുകൊണ്ട് സെൻട്രൽ ഏജൻസി അടിയന്തരമായി ആ കാര്യത്തിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം വളരെ ശക്തമായി പ്രവർത്തിച്ചതിന്റെ ഫലമായി ഇത് വീണ്ടും പുനഃസ്ഥാപിക്കപ്പെട്ടു എന്നുള്ള വിവരം ഇപ്പോൾ എനിക്ക് ലഭിച്ചിട്ടുണ്ട്. ഏതായാലും ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണിത് എടുക്കുന്നത്. കാരണം ടെക്നോളജിയുടെ അതിവിപുലമായ വളർച്ചയുടെ ഒരു കാലഘട്ടത്തിൽ വെബ്സൈറ്റുകളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. പ്രത്യേകിച്ച് സോഫ്റ്റ്വെയറുകളിലൂടെ ബാങ്ക് ഫ്രോഡ്, ഭീകര പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സഹായങ്ങളൊക്കെ നടക്കുന്ന ഈ കാലഘട്ടത്തിൽ വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പുവരുത്താനുള്ള എല്ലാ നടപടികളും ആഭ്യന്തര വകുപ്പ് സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിക്കുന്നു.

ചെക്ക് ഡാം നിർമ്മാണം

ശ്രീ. സി.പി. മുഹമ്മദ്: സർ, ഭാരതപ്പുഴയുടെ പോഷകനദിയായ കുന്തിപ്പുഴയിലും തിരുവേഗപ്പുറ പഞ്ചായത്തിലും വിളയൂർ പഞ്ചായത്തിൽ

പാറക്കടവിലും അടിയന്തരമായി തടയണ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിരവധി കുടിവെള്ള പദ്ധതികളും ലിഫ്റ്റ് ഇറിഗേഷനുമുള്ള ഈ പ്രദേശത്ത് തടയണ വന്നാൽ മാത്രമെ ജലസേചന പദ്ധതികളും കുടിവെള്ള പദ്ധതികളും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. പാലക്കാട് ജില്ലയിലെയും മലപ്പുറം ജില്ലയിലെയും നിരവധി പഞ്ചായത്തുകൾക്കും ഗുണം ലഭിക്കുന്നതാണ് ഈ രണ്ട് പദ്ധതികൾ. ഈ വർഷം തന്നെ ഈ തടയണയുടെ നിർമ്മാണം ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, വേനൽക്കാലത്ത് ജലദൗർലഭ്യം നേരിടുന്ന കേരളത്തിലെ നദികളിൽ തടയണകൾ നിർമ്മിച്ച് പരമാവധി വെള്ളം സംഭരിച്ച് കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വിളയൂർ പഞ്ചായത്തിൽ തൂതപ്പുഴയ്ക്കുകുറുകെ പാറക്കടവ് എന്ന സ്ഥലത്ത് ചെക്ക് ഡാം നിർമ്മിക്കുന്നതിനാവശ്യമായ പര്യവേഷണം നടത്തി വകുപ്പുതലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. തിരുവേഗപ്പുറയിൽ തടയണ നിർമ്മിക്കാനുള്ള പര്യവേഷണ പ്രവർത്തിക്കായുള്ള 6.9 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 2013–14 സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ അഭാവത്തിൽ അനുമതി നൽകിയില്ല. സി.പി.ഡബ്ല്യൂ.ഡി. റേറ്റ് നിലവിൽ വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. പര്യവേഷണ പ്രവർത്തി പൂർത്തിയാക്കി ഡിസൈനിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തിരുവേഗപ്പുറ തടയണയ്ക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ചോർച്ച

ശ്രീ. സി. മമ്മൂട്ടി: സർ, തിരൂർ, പൊന്നാനി താലൂക്കുകളിലെ വിവിധ പഞ്ചായത്തുകളിലെ പദ്ധതികൾക്കും കൃഷിക്കും കുടിവെള്ളത്തിനും ജലസംഭരണം നടത്താൻ വേണ്ടിയും 4344 ഹെക്ടറോളം ആയക്കെട്ട് പ്രദേശത്ത് കൃഷിക്കുവേണ്ട ജലം ലഭ്യമാക്കുന്നതിനും ഉപ്പുവെള്ളം കയറുന്ന ജലസ്രോതസ്സുകൾ ലഭ്യമാകുന്നത് തടയാനും മറ്റാവശ്യങ്ങൾക്കുമായി തിരൂർ ചമ്രവട്ടം ബ്രിഡ്ജും പദ്ധതിയും നടപ്പാക്കാൻ............ അടുത്ത കാലത്ത് ഉദ്ഘാടനം കഴിഞ്ഞിട്ടേയുള്ളൂ. വലിയ ഘോഷമായി ദേശീയോത്സവം പോലെ നടത്തിയ ഉദ്ഘാടനത്തിനുശേഷം ഈ ആവശ്യങ്ങൾ നിർവ്വഹിക്കുന്ന രൂപത്തിൽ അത് പ്രയോജനപ്പെടുത്തുന്നില്ല എന്ന ഗൗരവമായ അവസ്ഥയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അവിടെ ചോർച്ച തുടങ്ങിയിരിക്കുകയാണ്. 128 കോടിയോളം രൂപ ചെലവഴിച്ച് നിർമ്മിച്ച ഇത് ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നതിന് ഇതുവരെയും ഉപകരിച്ചിട്ടില്ല. വെള്ളം നിറയുമ്പോഴേക്കും തുറന്നുവിടുകയാണ്. ചോർച്ച തുടങ്ങിയിരിക്കുകയാണ്. എന്തുകൊണ്ടാണ് ചോർച്ചയെന്ന് അന്വേഷണത്തിൽ മനസ്സിലാകുന്നില്ല. പ്രവർത്തിയിലെ ക്രമക്കേടുകളാണോ അപാകതകളാണോ എന്തുകൊണ്ടോ ജനങ്ങൾക്ക് ഉപകാരപ്രദമായി അത് ഉപയോഗിക്കാൻ കഴിയാത്ത ഈ സാഹചര്യത്തിൽ ഈ നിർമ്മാണം ഇത്രയും രൂപ ചെലവഴിച്ചിട്ടും ഉപകരിക്കാത്ത സാഹചര്യത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുകയും ജനങ്ങൾക്ക് ഉപകരിക്കുന്ന രൂപത്തിൽ ഇത് ക്രമീകരിച്ച് അതിന്റെ അപാകതകൾ തീർത്ത് ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടി

സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വൻ പ്രക്ഷോഭങ്ങൾ അവിടെ നടക്കുകയാണ്. ജനങ്ങൾക്ക് ഉപകരിക്കുന്ന ഒരു പാലം മാത്രമാണവിടെയുള്ളത്. അതുകൊണ്ട് ജനങ്ങൾക്ക് ഉപകരിക്കുന്ന വിധത്തിൽ എത്രയുംപെട്ടെന്ന് സത്വര നടപടി സ്വീകരിക്കാനും അന്വേഷണം നടത്താനും നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ചമ്രവട്ടം റെഗുലേറ്ററിന്റെ ജലനിരപ്പ് 3.75 മീറ്ററായി ഉയർന്നപ്പോൾ ചോർച്ച കാണുകയുണ്ടായി. ഇതിനെത്തുടർന്ന് ഏതാനും ഷട്ടറുകൾ തുറന്ന് ജലനിരപ്പ് ക്രമീകരിക്കുകയും കൂടുതൽ വിശദമായി പരിശോധിക്കുകയും ചെയ്തു. ചീഫ് എഞ്ചിനീയർമാരടങ്ങുന്ന വിദഗ്ധ സമിതി 2012 ഡിസംബറിൽ സ്ഥലം സന്ദർശിക്കുകയും വിശദമായ ചർച്ച നടത്തുകയും ചെയ്തു. തുടർന്ന് നടന്ന പ്രോജക്ട് ടെക്നിക്കൽ കമ്മിറ്റിയിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും അനിയന്ത്രിതമായ മണലെടുപ്പുമൂലം പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതുമൂലമുള്ള പൈപ്പിംഗ് പ്രതിഭാസമാണ് ചോർച്ചയുടെ കാരണമെന്ന് വിലയിരുത്തുകയുണ്ടായി. താഴ്ഭാഗത്തെ താഴ്ന്ന ബ്ലോക്ക് ലൂസ് അപ്റണ്ണുകൾ പുനഃസ്ഥാപിക്കുന്നതിന് രണ്ട് സീസണുകൾ നോക്കിയതിനുശേഷം ഷീറ്റ് പൈലിംഗ് നടത്തുന്നതിനും മണലെടുപ്പ് നിരോധിക്കുന്നതിനും പ്രസ്തുത പ്രദേശം ഡാം സുരക്ഷാ അതോറിറ്റിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. മണലെടുപ്പ് പൂർണ്ണമായും നിരോധിക്കാൻ തീരുമാനിച്ചു. ഈ സീസണിൽ താൽക്കാലികമായ പരിഹാര നടപടികൾ സ്വീകരിച്ച് ചോർച്ച അടയ്ക്കുകയും 2013 ജനുവരി മുതൽ കാലവർഷം തുടങ്ങുന്നതുവരെ 3.5 മീറ്റർ ഉയരത്തിൽ ജലം സംഭരിക്കുകയുമുണ്ടായി.

2013 നവംബർ 15–ന് വീണ്ടും ജലസംഭരണം തുടങ്ങുകയും എന്നാൽ 2013 ഡിസംബർ 13–ന് വീണ്ടും ചോർച്ച കണ്ടെത്തുകയും അതിനെത്തുടർന്ന് 28–01–2014–ന് ജലവിഭവ വകുപ്പുമന്ത്രി വിളിച്ചുചേർത്ത അവലോകന യോഗത്തിൽ പ്രശ്നം ചർച്ച ചെയ്യുകയും പൈപ്പിംഗ് പരിഹരിക്കുന്ന തിനുവേണ്ടി ചീഫ് എഞ്ചിനീയർമാരോട് വിശദമായ റിപ്പോർട്ട് സമർപ്പി ക്കാനും ടി തീരുമാനമനുസരിച്ച് 04–02–2014–ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി മണലുവാരൽ പൂർണ്ണമായും നിരോധിക്കുന്നതിനും ആദ്യഘട്ടമെന്ന നിലയിൽ താഴ്ന്ന ബ്ലോക്കിൽ ലൂസ് അപ്റണ്ണുകളും കരിങ്കൽ നിറച്ച ഗാബിയോൺ ഉപയോഗിച്ച് പൂർവ്വ നിലയ്ക്ക് സ്ഥാപിക്കുന്നതിനും ആവശ്യമെങ്കിൽ രണ്ടാംഘട്ടമെന്ന നിലയ്ക്ക് മുകൾഭാഗത്തെ അധികമായ ഷീറ്റ് പൈലുകൾ അടിക്കുന്നതിനും തീരുമാനിച്ചു. ചോർച്ചയെക്കുറിച്ച് വിജിലൻസ് ഡിവൈ. എസ്.പി.യുടെ നേതൃത്വത്തിലുള്ള സംഘം അന്വേഷണം നടത്തിവരുന്നു.

## ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും

ശ്രീ. കെ. വി. വിജയദാസ്: സർ, കേരളത്തിലെ പട്ടികജാതി വിഭാഗ ത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്റ്റൈപെന്റും ലംപ്സംഗ്രാന്റും യഥാസമയം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവിഭാഗങ്ങൾക്ക് സംവര ണവും സാമ്പത്തികസഹായവും നൽകുകയെന്നത് ഇൻഡ്യാ ഗവൺമെന്റ്തന്നെ അംഗീകരിച്ചതാണ്. കേരളത്തിൽ കഴിഞ്ഞ എൽ.ഡി. എഫ്. ഗവൺമെന്റ് വർഷംതോറും സ്റ്റൈപെന്റ്, ലംപ്സംഗ്രാന്റ് എന്നിവ വർദ്ധിപ്പിക്കുകയും സമയബന്ധിതമായി ഇവ നൽകുകയും ചെയ്തിരുന്നതാ

ണ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞവർഷം 2013-ൽ സംസ്ഥാനത്തൊട്ടാകെ ലംപ്സംഗ്രാന്റും സ്റ്റൈപ്പെന്റും നൽകാൻ പട്ടികജാതി വികസന വകുപ്പ് തയ്യാറായിട്ടില്ല. ഹയർ സെക്കൻഡറി, ഡിഗ്രി, എഞ്ചിനീയറിംഗ്, പാരലൽ കോളേജ്, റെഗുലർ കോളേജ്, കോ-ഓപ്പറേറ്റീവ് കോളേജ്, സ്കൂൾ വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടതായ ലംപ്സംഗ്രാന്റും സ്റ്റൈപ്പെന്റും വിതരണം ചെയ്തിട്ടില്ലായെന്ന വസ്തുത ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. പാവപ്പെട്ട വിദ്യാർത്ഥികളെ സാമ്പത്തികമായി സഹായിക്കുന്ന ലംപ്സംഗ്രാന്റ് വളരെ സഹായകരമാണ്. ഇതിന്റെ വിതരണത്തെ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ ഓഫീസുകൾക്ക് യാതൊരു അറിവും ഇല്ലായെന്നുള്ളതാണ് വസ്തുത. ഇപ്പോൾ അതെല്ലാം എ.ടി.എം. വഴിയാണ് വിതരണം ചെയ്യുന്നത്. ഇവിടെ യാതൊരു ബന്ധവുമില്ലായെന്നാണ് ജില്ലാ ഓഫീസുകളിൽനിന്നും ലഭിക്കുന്ന മറുപടി. ഇത് അങ്ങേയറ്റം പ്രതിഷേധാർഹവും തിരുത്തപ്പെടേണ്ടതുമാണ്. കേരളത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടതായിട്ടുള്ള ലംപ്സംഗ്രാന്റും സ്റ്റൈപ്പെന്റും യഥാവിധി നൽകണം. കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും തുക വളരെ നേരത്തെ നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പെന്റ് തുടങ്ങിയവ കാലോചിതമായി പരിഷ്ക്കരിക്കണമെന്നതാണ്. കഴിഞ്ഞ കാലങ്ങളിൽ 20% വർദ്ധനവാണ് ഉണ്ടായിരുന്നത്. അതായത് 300 രൂപ കൊടുക്കുകയാണെങ്കിൽ പിന്നീട് മൂന്നു വർഷത്തിലൊരി

ക്കൽ 60 രൂപയാണ് വർദ്ധിപ്പിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പത്താംക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 350 രൂപയാണ് കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി വർദ്ധനവടിസ്ഥാനത്തിൽ കിട്ടിയിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് വന്നശേഷം അത് 400 രൂപ വർദ്ധിപ്പിച്ച് നൂറു ശതമാനത്തിലേറെ വർദ്ധനവ് ഉണ്ടാക്കി 750 രൂപയാണ് ഇന്ന് കൊടുക്കുന്നത്. അത് ആനുപാതികമായി പ്രീ-മെട്രിക്/എൽ.പി./യു.പി. സെക്ഷനുകളിലും വർദ്ധനവുണ്ടാക്കി. കൂടാതെ പോസ്റ്റ് മെട്രിക് തലങ്ങളിലും നമുക്ക് ഈ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതിനുവേണ്ടി ഏതാണ്ട് 180.76 കോടി രൂപയാണ് ചെലവഴിക്കുകയുണ്ടായത്. പ്രീ-മെട്രിക്, അതായത് 1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് കൊടുക്കുന്നത് ജൂൺ മാസത്തിലാണ്. ഈ വർഷവും ഇതിനകം 30 കോടി രൂപ സ്കൂൾ തുറന്നപ്പോൾതന്നെ വിതരണം നടത്തിക്കഴിഞ്ഞു. കഴിഞ്ഞവർഷം ചെറിയ ഒരു വീഴ്ച വന്നത്, ചില വിദ്യാലയങ്ങളിൽ കിട്ടാതെ പോയത്, ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട് എല്ലാം നേരിട്ട് ബാങ്കിലൂടെ കൊടുക്കുകയെന്നുള്ള തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ, ഏതാനും വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടില്ലായെന്നുള്ള പരാതിയുണ്ടായിരുന്നു. അതും പരിശോധിച്ച് നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് ഇനി വല്ലതും ബാക്കിയുണ്ടെങ്കിൽ കൊടുക്കുവാനുള്ള നടപടി സ്വീകരിക്കും. അതോടൊപ്പം ഞാൻ സൂചിപ്പിച്ചു; ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ വലിയ തോതിലുള്ള വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും അത് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുകയാണ്.

## ആർട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. കെ.എൻ.എ. ഖാദർ: സർ, എന്റെ നിയോജകമണ്ഡലമായ വള്ളിക്കുന്നിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരിസരത്ത് സർക്കാരിന്റെ തലത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു എയ്ഡഡ് കോളേജ് ഉണ്ടെങ്കിലും ആ കോളേജ് നിയോജക മണ്ഡലത്തിന്റെ അതിർത്തിപ്രദേശത്ത് സ്ഥിതി ചെയ്യുന്നതാണ്. അത് കൊണ്ടോട്ടി നിയോജകമണ്ഡലത്തിലുള്ളവർക്കാണ് ഏറ്റവും പ്രയോജനകര മാകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കോളേജി ല്ലാത്ത നിയോജകമണ്ഡലങ്ങളില്ലൊം ഓരോ കോളേജ് പുതുതായിട്ട് ആരംഭി ക്കണമെന്ന് തീരുമാനിച്ചു. പക്ഷെ അത് യാന്ത്രികമായി നടപ്പിലാക്കിയതു കൊണ്ട് കോളേജ് ജിയോഗ്രഫിക്കലായിട്ട് എന്റെ നിയോജക മണ്ഡലത്തിലു ണ്ടെങ്കിലും നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഒരു സൗകര്യവുമില്ലാതെ മറ്റൊരു നിയോജകമണ്ഡലത്തോടുചേർന്നുകിട ക്കുന്ന എന്റെ അതിർത്തിക്കകത്താണ് എന്ന ഒരു കാര്യം മാത്രമേയുള്ളൂ. അതുകൊണ്ട് ആ കോളേജ് ഉള്ളതും ഇല്ലാത്തതും – ലഡാക്കിൽ സ്ഥിതി ചെയ്യുന്ന മാതിരിയാണ്, ഒരു പ്രയോജനവുമില്ലാത്തതുപോലെയാണ്. അതു കൊണ്ട് എന്റെ നിയോജകമണ്ഡലത്തിൽ ഒരു കോളേജ് അനുവദിക്കണ മെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും ഞാൻ പലതവണ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. അവർ എന്തുകൊണ്ടോ ഈ യാന്ത്രികതയും എന്റെ വാദഗതികളും തീരെ മനസ്സിലാക്കുന്നില്ല; അത്

ഉൾക്കൊള്ളുന്നില്ലായെന്നുള്ളത് വളരെ നിർഭാഗ്യകരമായ സാഹചര്യമാണ്. അതുകൊണ്ട് സ്ഥലം വേണമെങ്കിൽ വന്ന് പരിശോധിച്ചിട്ട് ആ നിയോജക മണ്ഡലത്തിലെ ആളുകൾക്ക് കോളേജ് സൗകര്യപ്രദമാണോ അല്ലയോ എന്ന് നോക്കി ഒരു കോളേജ് എന്റെ നിയോജകമണ്ഡലത്തിൽ യൂണി വേഴ്സിറ്റിയുടെ പരിസരത്താകണം എന്ന് ഞാൻ പറയാൻ കാരണം നിയോജകമണ്ഡലത്തിന്റെ മധ്യഭാഗമാണ്. അവിടെ സ്ഥലലഭ്യതയുള്ള ഒരു സ്ഥലമാണ്. അതുകൊണ്ട് അവിടെ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. രണ്ട് വർഷങ്ങൾക്കുമുമ്പ് സംസ്ഥാന ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ അവിടെയൊരു കോളേജ് അനുവദിച്ചതായിട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ആ ബഡ്ജറ്റിന്റെ റെലവന്റ് ഷീറ്റൊക്കെ എടുത്തിട്ട് ഞാൻ നിവേദനം കൊടുത്തിട്ടും ഗവൺമെന്റ് ഉൾക്കൊള്ളുന്നില്ലായെന്നത് വളരെ നിർഭാഗ്യകരമായ ഒരു സംഗതിയാണ്. അതുകൊണ്ട് ഒരു പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ യാന്ത്രികമായി ഇംപ്ലിമെന്റ് ചെയ്യലല്ല വേണ്ടത്. അത് മനുഷ്യർക്ക് പ്രയോജനപ്രദമാണോ അല്ലയോ എന്ന് നോക്കണം. അതുകൊണ്ട് ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് അടിയന്തരമായി എന്റെ മണ്ഡല ത്തിൽ യൂണിവേഴ്സിറ്റിയുടെ പരിസരത്ത് ആരംഭിക്കണം എന്ന ആവശ്യം ഞാൻ ബഹുമാനപ്പെട്ട വിഭ്യാഭ്യാസമന്ത്രിയുടെ ശ്രദ്ധയിൽ ഒന്നുകൂടി കൊണ്ടു വരുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, നിലവിൽ സർക്കാർ എയ്ഡഡ് കോളേജുകൾ നിലവിലില്ലാത്ത നിയമസഭാ നിയോജക മണ്ഡലങ്ങളിൽ പുതിയ കോളേജുകൾ ആരംഭിക്കുമെന്ന് 2013–14–ലെ

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സർക്കാർ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുക ളില്ലാത്ത 22 നിയമസഭാ മണ്ഡലങ്ങളിലെ ജനപ്രതിനിധികളോട് കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ 5 ഏക്കർ സ്ഥലവും കെട്ടിടനിർമ്മാണത്തിനുള്ള ഫണ്ടും കോളേജ് താത്ക്കാലികമായി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടവും കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കാൻ അഭ്യർത്ഥിച്ചിരുന്നു. എം.എൽ.എ.മാരിൽ നിന്ന് ലഭിച്ച പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ 13 മണ്ഡലങ്ങളിൽ പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭി ക്കുന്നതിന് ഭരണാനുമതി നൽകിയതിൽ 4 സർക്കാർ കോളേജും ഒരു എയ്ഡഡ് കോളേജും മലപ്പുറം ജില്ലയിലാണ്. മങ്കട, താനൂർ, കൊണ്ടോട്ടി, വേങ്ങര എന്നീ മണ്ഡലങ്ങളിലാണ് പുതിയ കോളേജുകൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇവ കൂടാതെ മലപ്പുറം ജില്ലയിൽ നിലവിൽ സർക്കാർ, എയ്ഡഡ് മേഖലയിൽ 13 ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ സേവനം വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. കൂടാതെ അനേകം സ്വാശ്രയകോളേ ജുകളും പ്രവർത്തിക്കുന്നുണ്ട്. ഒരു സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും സർക്കാരിന് പ്രതിവർഷം ഏകദേശം രണ്ട് കോടി അഞ്ചുലക്ഷത്തി എൺപത്തിയേഴായി രത്തി നാനൂറ്റി അറുപത് രൂപ സാമ്പത്തിക ബാധ്യതയുണ്ടാകുന്നു. നിലവിൽ പ്ലസ്ടു പാസ്സാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിനനുസൃതമായി ഉപരി പഠനത്തിനാവശ്യമുള്ള സീറ്റുകൾ മലപ്പുറം ജില്ലയിലെ വിവിധ മേഖലകളിൽ ലഭ്യമാണ്. ഇനിയും കൂടുതൽ സർക്കാർ കോളേജുകൾ അനുവദിക്കുന്നതി നുപകരം നിലവിലുള്ള കോളേജുകളുടെ നിലവാരം ഉയർത്തുകയാണ് ആവശ്യമെന്നാണ് സർക്കാർ കരുതുന്നത്. ഇതിനായി നാക് മാതൃകയിൽ

സംസ്ഥാനത്ത് അക്രഡിറ്റേഷൻ സമിതി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതേസമയം കൂടുതൽ സർക്കാർ കോളേജുകൾ അനുവദിക്കേണ്ട സാഹചര്യം ഭാവിയിൽ ഉണ്ടാകുകയാണെങ്കിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ വ്യക്തമായ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അപ്പോഴത്തെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് വിശദമായ പഠനം നടത്തിയശേഷം കാലിക്കറ്റ് സർവ്വകലാശാലാ പരിസരത്ത് ഒരു സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്.

## കക്കയം ഗവ. എൽ.പി. സ്കൂളിന് കെട്ടിടം

ശ്രീ. പുരുഷൻ കടലുണ്ടി: സർ, വിഭ്യാഭ്യാസമേഖലയിലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കക്കയം ഗവൺമെന്റ് എൽ.പി. സ്കൂൾ പ്രവർത്തിച്ചുവരുന്നത് മലബാർ വന്യജീവിസംരക്ഷണകേന്ദ്രത്തോട് തൊട്ടടുത്ത് കക്കയം ജലവൈദ്യുതി പ്രദേശത്ത് കെ.എസ്.ഇ.ബി. കെട്ടിടത്തിലാണ്. അമ്പലമുക്ക് ആദിവാസി കോളനികളിലെ കുട്ടികളാണ് മഹാഭൂരിപക്ഷവും അവിടെ പഠിക്കുന്നത്. ഗ്രാമപഞ്ചായത്തിന് കൈമാറിയ സ്കൂളിന്റെ കെട്ടിടം റിപ്പയർ ചെയ്യുന്നതിനോ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സാധിക്കാത്ത ഒരവസ്ഥയുണ്ട്. അതേസമയം കോഴിക്കോട്ട് സ്കൂൾ നശിപ്പിച്ചത് മൃഗങ്ങളാണെങ്കിൽ ഈ പ്രദേശത്ത് കാട്ടുമൃഗങ്ങളുടെ ശല്യമാണ് കൂടുതൽ. അതുകൊണ്ട് ആ സ്കൂൾ തകർന്ന നിലയിലാണ്. നിരന്തരമായ നാട്ടുകാരുടെ ആവശ്യം മാനിച്ച് ഗ്രാമപഞ്ചായത്ത് സുരക്ഷിതമായ 50 സെന്റ് സ്ഥലം സ്കൂളിനുവേണ്ടി വാങ്ങിയിട്ടുണ്ട്. അവിടെ

എസ്.എസ്.എ. പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കക്കയം ഗവ. എൽ.പി. സ്കൂൾ പ്രവർത്തിക്കുന്ന സ്ഥലവും കെട്ടിടവും കെ.എസ്.ഇ.ബി.യുടേതായതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കെ.എസ്.ഇ.ബി. അധികൃതരുമായി ചർച്ച നടത്തുകയും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി കെട്ടിടത്തിന് 17–12–2013–ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂളിനുവേണ്ടി ഗ്രാമപഞ്ചായത്ത് 50 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂളിന് സ്വന്തമായി കെട്ടിടം പണിയണമെന്നുള്ള പ്രധാനാദ്ധ്യാപകന്റെ ശുപാർശ 2014–15 വർഷത്തെ എസ്.എസ്.എ.യുടെ ബിൽഡിംഗ് ഫോർ ബിൽഡിംഗ്ലെസ് പ്രൈമറി എന്ന ഇന്റർവെൻഷനിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപ അനുവദിക്കുന്നതിനായി എം.എച്ച്.ആർ.ഡി.ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഈ പദ്ധതിക്ക് എം.എച്ച്.ആർ.ഡി.യുടെ അനുമതി ലഭിക്കുകയുണ്ടായില്ല. ആയതിനാൽ എം.എച്ച്.ആർ.ഡി. ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കാൻ സാധ്യമല്ലാത്ത അവസ്ഥയാണിപ്പോഴുള്ളത്. എങ്കിലും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ തനതു ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## അടിസ്ഥാന സൗകര്യം ലഭ്യമാക്കൽ

ശ്രീ. പി. കെ. ഗുരുദാസൻ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സുനാമി പദ്ധതിയനുസരിച്ച് കൊല്ലം താലൂക്കിലെ 14 സ്ഥലങ്ങളിൽ 1856

കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ക്യൂ.എസ്.എസ്., ഹൗസിംഗ് ബോർഡ്, ഹാബിറ്റാറ്റ് എന്നീ സ്ഥാപനങ്ങളാണ് ഭവനനിർമ്മാണ ജോലികൾ ചെയ്തത്. ഇതിൽ 12 സ്ഥലത്ത് ഫ്ളാറ്റുകളും രണ്ട് സ്ഥലത്ത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മുൻകൈയെടുത്ത് മൂന്ന് സെന്റുവീതം 80 കുടുംബങ്ങൾക്ക് നൽകുന്ന ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കടപ്പുറം പുറമ്പോക്കിലും തോട് പുറമ്പോക്കിലുമായി താമസിച്ച ഏകദേശം 1856 കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചത്. ഈ സ്ഥലങ്ങളിലെ ഏറ്റവും ഗൗരവതരമായ പ്രശ്നം അവിടെ ആവശ്യമായ മലിന്യ നിർമ്മാർജ്ജന പദ്ധതികളോ ഡ്രെയിനേജ് സംവിധാനമോ ഇല്ലായെന്നുള്ളതാണ്. ഏകദേശം 1500-ലധികം കുടുംബങ്ങളിലായി പതിനായിരത്തോളം ആളുകളാണ് അടിസ്ഥാനസൗകര്യങ്ങളില്ലാതെ അവിടെ താമസിക്കുന്നത്. അവിടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മാലിന്യസംസ്ക്കരണത്തിനായി ബയോഗ്യാസ് പ്ലാന്റ്, റോഡുകൾ, ശുദ്ധജലസൗകര്യം എന്നിവ ആവശ്യമാണ്. സുനാമി ഫണ്ടിൽ ബാക്കിയുള്ള തുകയിൽനിന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മുൻകൈയെടുത്ത് 7 കോടി രൂപ (50 ലക്ഷം രൂപ വീതം 14 സ്ഥലങ്ങൾക്കായി) അനുവദിച്ചാൽ അവിടത്തെ ആളുകൾക്ക് ശുദ്ധമായ അന്തരീക്ഷത്തിൽ താമസിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാകും. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, കൊല്ലം ജില്ലയിൽ സുനാമി പുനരധിവാസപദ്ധതി പ്രകാരം ഭവന നിർമ്മാണം നടത്തിയിട്ടുള്ള സൈറ്റുകളിൽ മെറ്റലിംഗ് നടത്തി റോഡുകൾ പണിതിട്ടുണ്ട്.

പ്രസ്തുത ഭവന പദ്ധതി സൈറ്റുകളിലെ റോഡുകൾ ടാർ ചെയ്യുന്നതിനും ശുചിത്വ മിഷനുമായി ചേർന്ന് അവിടെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന തിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ അനു മതി നൽകിയിട്ടുണ്ട്. കല്ലൂർക്കുന്ന്, പൂങ്കുളം ഭവന പദ്ധതികൾക്ക് ശുചിത്വ മിഷനുമായി ചേർന്ന് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ 75% ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പരവൂർ നഗരസഭ പ്രസ്തുത പ്രവൃത്തി ചെയ്തിട്ടില്ല. സൈറ്റുകളിലെല്ലാം ഓടകൾ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ചില സൈറ്റുകളിൽ വെള്ളം ഒഴുകിപ്പോകാനുള്ള സൗകര്യമില്ലാത്തതിനാൽ ഓടകൾ ഒഴിവാക്കിയിട്ടുണ്ട്. എല്ലാ സൈറ്റുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ശുദ്ധജല വിതര ണത്തിനായി വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ സംവിധാനമൊരുക്കി യിട്ടുണ്ട്. കാരിക്കുഴി, ആക്കോലിൽ, ആറ്റുകാൽ പുതുവൽ സൈറ്റ് –1, സൈറ്റ്–2, പച്ചോലക്കാവ് സൈറ്റ് 1, സൈറ്റ് 2, താന്നിമുക്ക്, കുറ്റിക്കാട് എന്നീ സൈറ്റുകളിൽ മഴക്കാലത്ത് സെപ്റ്റിക് ടാങ്കുകൾ നിറഞ്ഞുകവിഞ്ഞ് മാലിന്യ പ്രശ്നം ഉണ്ടാകാറുണ്ട്. ആയതിന് പരിഹാരം കാണുന്നതിന് കൊല്ലം ജില്ലാ ക ളക്ടർ സംസ്ഥാന ഹൗസിംഗ് ബോർഡ് മുഖേന ഒരു പദ്ധതി തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. അനുയോജ്യമായ സൊല്യൂഷൻ പ്രൊവൈഡേഴ്സിനെ കണ്ടെത്തി പദ്ധതി സമർപ്പിക്കാൻ സർക്കാർ നിർദ്ദേശി ക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിനോട് അവരെ സംബന്ധിച്ച ലിസ്റ്റ് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരി ക്കുകയാണ്. മഴക്കാലം മുന്നിൽ കണ്ടുകൊണ്ട് പദ്ധതി സൈറ്റുകളിലെ

സെപ്റ്റിക് ടാങ്കുകൾ വൃത്തിയാക്കുന്നതിനും മാലിന്യങ്ങൾ തിരുവനന്തപുരത്ത് വലിയതുറയിലുള്ള വാട്ടർ അതോറിറ്റിയുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ചുമതലയിൽ എത്തിക്കുന്നതിനും ജില്ലാ കളക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ജോലിക്കാർ, ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും തിരുവനന്തപുരം കോർപ്പറേഷന്റെ സേവനം ഉപയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. മോൻസ് ജോസഫ് : സർ, കഴിഞ്ഞ മേയ് മാസം ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും കടുത്തുരുത്തി അസംബ്ലി മണ്ഡലത്തിൽപ്പെട്ട നിരവധി പ്രദേശങ്ങളിൽ കൃഷിനാശമുണ്ടാവുകയും നൂറുകണക്കിന് വീടുകൾ തകർന്നുപോവുകയും ചെയ്തു. റവന്യൂ, കൃഷി എന്നീ രണ്ട് വകുപ്പുകളുടെ കീഴിൽ വരുന്നതായതുകൊണ്ട് ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയുന്ന വിധത്തിലാണ് സബ്മിഷൻ ആവശ്യപ്പെട്ടതെങ്കിലും റവന്യൂ വകുപ്പുമന്ത്രിയെയാണ് മറുപടി പറയാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. വീടുകൾ തകർന്നുപോയതിന് റവന്യൂ വകുപ്പിൽനിന്നും കൃഷി നാശത്തിന് കൃഷി വകുപ്പിൽനിന്നുമാണ് സഹായം ലഭിക്കേണ്ടത്. 20 കോടി രൂപയുടെ നഷ്ടം കടുത്തുരുത്തി അസംബ്ളി മണ്ഡലത്തിൽത്തന്നെ വന്നിരിക്കുകയാണ്. കോട്ടയം, വൈക്കം, മീനച്ചിൽ എന്നീ താലൂക്കുകളിലും വ്യാപകമായ നഷ്ടമുണ്ടായിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ധനസഹായവും ഇതുവരെ കിട്ടിയിട്ടില്ല.  ഇത് രണ്ടും ഒന്നിച്ച്

എത്രയും വേഗം കൊടുക്കാനുള്ള നടപടി ഉണ്ടാകണം. കടുത്തുരുത്തി മണ്ഡലത്തിലെ മരങ്ങാട്ടുപള്ളി പഞ്ചായത്തിൽ ഓലിക്കാട്മല എന്ന സ്ഥലത്ത് ഏതാണ്ട് നൂറോളം വീടുകൾ നശിച്ചുപോയി എന്നത് ഏറ്റവും സങ്കടകരമായ കാര്യമാണ്. എല്ലാവരും പാവപ്പെട്ടവരാണ്. മഴക്കാലത്ത് ടാർപോളിൻ വലിച്ച് കെട്ടേണ്ടുന്ന ഗതികേടിലാണവർ. ദുരന്തമുണ്ടായി വർഷങ്ങൾക്കുശേഷം സഹായം കൊടുക്കുന്നതുകൊണ്ട് പ്രയോജനമില്ല. സമയത്ത് കൊടുത്താൽ മാത്രമേ ഉപകാരപ്പെടുകയുള്ളൂ. അത്തരത്തിലുള്ള ഒരു മാനുഷിക പരിഗണന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. വീടുകൾ നഷ്ടപ്പെട്ടവർക്കും കൃഷിനാശമുണ്ടായവർക്കും പരമാവധി സഹായം എത്രയുംവേഗം കൊടുക്കുന്നതിന് നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ.അടൂർ പ്രകാശ്): സർ, കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട വിവിധ ഗ്രാമപഞ്ചായത്തുകളുൾപ്പെടുന്ന നിരവധി പ്രദേശങ്ങളിൽ 2014 മേയ് മാസത്തിലെ ശക്തമായ കാറ്റിലും മഴയിലുമുണ്ടായ നാശനഷ്ടം സംബന്ധിച്ച് കോട്ടയം ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. നെല്ല്, വാഴ, റബ്ബർ, പച്ചക്കറി തുടങ്ങിയ വിവിധ കൃഷികൾ നശിക്കുകയുണ്ടായെന്നും മീനച്ചൽ താലൂക്കിൽ 20 ലക്ഷത്തിലധികം രൂപയുടെയും വൈക്കം താലൂക്കിൽ 17 ലക്ഷത്തിൽപ്പരം രൂപയുടെയും നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണഫണ്ട് വിതരണം ചെയ്യുന്നത് സംബന്ധിച്ച മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ ഇതിനോടകംതന്നെ എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട

അംഗം പറഞ്ഞ കാര്യങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ സംരക്ഷണം

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, പുതുക്കാട്, ഒല്ലൂർ മണ്ഡലങ്ങളിലെ മലയോരപ്രദേശങ്ങളിലുള്ള കർഷകരുടേയും രോഗികളായിട്ടുള്ളവരുടേയും കാൽ നൂറ്റാണ്ടുകാലത്തെ സ്വപ്ന സാക്ഷാത്ക്കാരമാണ് പുതുക്കാട് കെ. എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ. മലയോര യാത്രാ പ്രശ്നങ്ങളാണ് ഈ സ്റ്റേഷൻ പ്രധാനമായും പരിഹരിക്കുന്നത്. ഇത് തൃശ്ശൂർ, ചാലക്കുടി, അങ്കമാലി എന്നീ പട്ടണങ്ങളിലേതുപോലെ വലിയൊരു സ്റ്റേഷനല്ല. തികച്ചും ഗ്രാമീണ സ്റ്റേഷനാണ്. 6 വർഷംമുമ്പ് ഇവിടെ 33 ഷെഡ്യൂളുകളാണ് അനുവദിച്ചിരുന്നത്. ഇവയിൽ 5 ഷെഡ്യൂളുകൾ ഇപ്പോൾ പൂർണ്ണമായും നിർത്തിയിരിക്കുകയാണ്. ലാഭകരമല്ല എന്നുപറഞ്ഞുകൊണ്ട് മറ്റ് പല ഷെഡ്യൂളുകളും തുടർച്ചയായി നിർത്തിവയ്ക്കുകയാണ്. അതുകൊണ്ട് ഗുരുതരമായ യാത്രാപ്രശ്നങ്ങളാണ് ഈ മണ്ഡലത്തിൽ ഉണ്ടാകുന്നത്. യാത്രാസൗകര്യങ്ങളില്ലാത്ത മലയോരപ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാപ്രശ്നം പരിഹരിക്കുക എന്നുള്ളതാണ് യാഥാർത്ഥ ലാഭം. കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ ഒരു ഓർഡിനറി ബസ്സുപോലും ഇവിടെ അനുവദിച്ചിട്ടില്ല, ഒരു സൂപ്പർ ഫാസ്റ്റ് ബസ് മാത്രമാണ് അനുവദിച്ചത്. ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന റൂട്ടിലൂടെ ബസ് ഓടിക്കുവാൻ ഞാൻതന്നെ നിരവധി തവണ നേരിട്ട് നിർദ്ദേശിച്ചെങ്കിലും ജനോപകാരപ്രദമല്ലാത്തതും കളക്ഷനില്ലാത്തതുമായ റൂട്ടിലൂടെ തുടർച്ചയായി ബസ് സർവ്വീസ് നടത്തുകയാണ്. ഈ അവസ്ഥ മാറണം. പുതുക്കാട് കെ.

എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ ഉണ്ടായിരുന്ന 33 ഷെഡ്യൂളുകൾ നില നിർത്തിത്തരണമെന്ന് ഈ സബ്മിഷനിലൂടെ വിനീതമായി അഭ്യർത്ഥിക്കുക യാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, കെ.എസ്.ആർ.ടി.സി യുടെ വിഷമവും പ്രയാസവുമെല്ലാം നമുക്കേവർക്കും നന്നായി അറിയാവുന്ന കാര്യമാണ്. പരിമിതികളുടെ മധ്യത്തിൽനിന്നും പരമാവധി ഫെസിലിറ്റി ജന ങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. അങ്ങ് സൂചിപ്പിച്ച പുതുക്കാട് ഡിപ്പോയിൽ 33 ഷെഡ്യൂളുകളും 34 ബസ്സുമാണ് ഉണ്ടായിരുന്നത്. അവിടെ 27 ഷെഡ്യൂളുകൾ മുടക്കമില്ലാതെ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. കൂടുതൽ ബസ്സുകൾ കേടാകുമ്പോൾ ചില ദിവസങ്ങളിൽ 25 – 26 ബസുകൾ മാത്രമേ അയയ്ക്കാൻ കഴിയുന്നുള്ളൂ. പുതുക്കാട് യൂണിറ്റിൽ ഒരു സൂപ്പർ ഫാസ്റ്റ് ഷെഡ്യൂളും 4 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും 5 തൃശ്ശൂർ–ചാലക്കുടി ചെയിൻ സർവ്വീസും 23 ഓർഡിനറി സർവ്വീസുകളുമാണുള്ളത്. ചെയിൻ സർവ്വീസുകൾ മുടക്കമില്ലാതെ ഓപ്പറേറ്റ് ചെയ്താലേ വരുമാന വർദ്ധന നില നിർത്താൻ സാധിക്കൂ. പുതുക്കാട്, ചാലക്കുടി, ഒല്ലൂർ മേഖലയിലെ ജനസാന്ദ്രത കുറഞ്ഞ മലയോരപ്രദേശങ്ങളിൽക്കൂടി ഓടുന്ന ബസ്സുകൾക്ക് പൊതുവേ വരുമാനക്കുറവ് ഉണ്ടാകുന്നതിനാൽ ടി സർവ്വീസുകൾ പലപ്പോഴും ക്യാൻസൽ ചെയ്യേണ്ടതായിട്ടാണ് വരുന്നത്. പുതുക്കാട് ഡിപ്പോയിൽ സ്ഥിരമായി ഒരു ഷെഡ്യൂളും റദ്ദ് ചെയ്തിട്ടില്ല. എന്നാൽ ബസ്സിന്റെ ലഭ്യതക്കുറവ് അനുഭവിക്കുമ്പോൾ വരുമാനം തീരെ കുറഞ്ഞ

ഷെഡ്യൂളുകൾ റദ്ദ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. കേരളത്തിലെ എല്ലാ ഡിപ്പോകളിലും ഇങ്ങനെ ചെയ്യുന്നുണ്ട്. മേൽപ്പടി യൂണിറ്റിലെ ഏക സൂപ്പർ ഫാസ്റ്റ് സർവ്വീസ് ചക്രവട്ടം റൂട്ടിലാണ് സർവ്വീസ് നടത്തുന്നത്. പുതുക്കാട് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ ഇപ്പോൾ 34 വാഹനങ്ങളും 33 ഷെഡ്യൂളുകളുമാണുള്ളത്. പക്ഷെ വാഹനങ്ങൾക്ക് കേട് വരികയോ റീപ്ലേസ് ചെയ്യാൻ കഴിയാതെ വരികയോ ചെയ്യുന്ന സാഹചര്യത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. സബ്മിഷനിൽ പറഞ്ഞിട്ടില്ലെങ്കിലും ഒരു കാര്യം ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യെ റീ-സ്ട്രക്ച്ചർ നടത്തുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബന്ധപ്പെട്ട യൂണിയൻ നേതാക്കന്മാരുമായി പലവട്ടം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവർ അംഗീകരിക്കുന്ന ചില ഫോർമുലകളുണ്ട്. രണ്ടുമൂന്ന് തലത്തിലുള്ള ചർച്ചകൾകൂടി നടത്താനുണ്ട്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പു മന്ത്രിയുമായി ഞാൻ ചർച്ച ചെയ്യും. കെ.എസ്.ആർ.ടി.സി.യുടെ മൊത്തത്തിലുള്ള റീ-വാമ്പിംഗ് ആവശ്യമാണ്. വരുമാനം ഇല്ലാത്ത ഷെഡ്യൂളുകൾ റദ്ദു ചെയ്യാതെ നിവൃത്തിയില്ല. അങ്ങും അത് അംഗീകരിക്കുമെന്ന് എനിക്കറിയാം. വരുമാനമുള്ള സർവ്വീസുകൾ നിലനിർത്തി കുടുതലാളുകൾക്ക് യാത്രാസൗകര്യം ലഭ്യമാക്കുന്നതിനും ജീവനക്കാരെക്കൂടി വിശ്വാസത്തിലെടുത്ത് പുതിയ അപ്രോച്ചോടുകൂടി ഈ മഹാ സ്ഥാപനം രക്ഷിക്കുന്നതിനുമുള്ള ശ്രമത്തിൽ അങ്ങും സഹായിക്കണം എന്നാണ് എന്റെ അഭ്യർത്ഥന.

## കെ. എസ്. ആർ. ടി. സി.-ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ മൂന്നാർ സബ്സ്റ്റേഷനെ സംബന്ധിച്ച് ഇതിനുമുൻപും ഞാൻ രണ്ടുമൂന്ന് തവണ സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളതാണ്. വേദനയോടെയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. മൂന്നുകൊല്ലത്തിനുമുൻപ് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പണി പൂർത്തീകരിച്ച കെട്ടിടം ഇതു വരെയും ഉദ്ഘാടനം ചെയ്യാൻ സാധിച്ചിട്ടില്ല. കമ്പ്യൂട്ടർ ഷിഫ്റ്റിംഗ് നടത്തിയിട്ടില്ല, റിസർവ്വേഷൻ കൗണ്ടർ മാറ്റിയിട്ടില്ല, കേസ് കൗണ്ടർ മാറിയിട്ടില്ല. ഇത്രയും സംവിധാനങ്ങൾ തിരുവനന്തപുരത്തുനിന്നും ഷിഫിറ്റ് ചെയ്യാനുള്ള ഉത്തരവ് ലഭ്യമാകാത്തതാണ് കെട്ടിടം ഉദ്ഘാടനം ചെയ്യാത്തതിന്റെ പ്രധാന കാരണം. മറ്റൊന്ന്, ഗ്യാരേജിലേക്ക് ബസ്സുകൾ പോകുന്നത് ചെളിയിലൂടെയാണ്, അവിടെ കോൺക്രീറ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റി വികസിപ്പിക്കാനായി നൽകിയ സന്ദർഭത്തിൽ പറഞ്ഞത് റ്റി.പി. ബസ് സർവ്വീസുകൾ മുഴുവനും മാറ്റിത്തരാം എന്നായിരുന്നു. ഇപ്പോഴും അഞ്ച് റ്റി.പി. ബസ് സർവ്വീസുകൾ നിലവിലുണ്ട്. അതൊരു ഹിൽ സ്റ്റേഷനാണെന്നുള്ള കാര്യം അങ്ങയെ ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതുപോലെതന്നെ സംസ്ഥാനത്തെ ഏറ്റവും ലാഭകരമായ പത്ത് ഇന്റർസ്റ്റേറ്റ് ബസ് സ്റ്റേഷനുകളിൽ ഒന്നാണിത്. അവിടത്തെ രണ്ട് ഇന്റർസ്റ്റേറ്റ് സർവ്വീസുകൾ ഇപ്പോൾ കട്ട് ചെയ്തിരിക്കുകയാണ്. അവിടത്തെ വാഹനങ്ങൾക്ക് ഗ്രീസ് അടിച്ചിട്ട് നാല് മാസമായി. ഗ്രീസും സ്പെയർ പാർട്സും അവിടെ ലഭിച്ചിട്ടില്ല. റിട്ടയർ ചെയ്ത എ.റ്റി.ഒ.യുടെ സ്ഥാനത്തേയ്ക്ക് പുതിയ ആളെ നിയമിച്ചിട്ടില്ല. അങ്ങനെ ധാരാളം പ്രശ്നങ്ങൾ അവിടെയുണ്ട്. എം.എൽ.എ. ഫണ്ടുപയോഗിച്ച് പണി തീർത്തിട്ടുള്ള കെട്ടിടത്തിന്റെ ഉദ്ഘാടന

ത്തിനും ഗ്രീസ് ഉൾപ്പെടെയുള്ള സ്പെയർ പാർട്സ് ലഭ്യമാക്കുന്നതിനും കട്ട് ചെയ്ത ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിനും ഹിൽ സ്റ്റേഷനുകളിൽ റ്റി.പി. പെർമിറ്റില്ലാതെ ഇപ്പോൾ നടത്തുന്ന സർവ്വീസുകൾ നിലനിർത്താനും മൂന്നാർ – തിരുവന്തപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന അഞ്ച് വർഷത്തിലധികം പഴക്കമുള്ള സൂപ്പർ ഫാസ്റ്റ്/സൂപ്പർ എക്സ്പ്രസ് ബസ്സുകൾ റീപ്ലേസ് ചെയ്യാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷൻ.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> സർ, അങ്ങ് ഇവിടെ സൂചിപ്പിച്ച മൂന്നുനാല് കാര്യങ്ങളിൽ ഒന്ന്, ഇന്റർസ്റ്റേറ്റ് സർവ്വീസിനെ സംബന്ധിക്കുന്നതാണ്. അത് ഇന്റർസ്റ്റേറ്റ് എഗ്രിമെന്റിന്റെ ഭാഗമാണ്. ഇന്റർസ്റ്റേറ്റ് എഗ്രിമെന്റ് കവർ ചെയ്യുന്ന ഭാഗമാണോ; നമ്മുടെ ഭാഗത്തു നിന്നും വണ്ടി ഓടാത്തതാണോ ഇങ്ങനെയുണ്ടാകാൻ കാരണം എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാം. രണ്ട്, ഒരു കോടി രൂപ അങ്ങ് അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽനിന്നും തന്നിട്ടുണ്ട്. അതിന് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. അതിന്റെ പണികൾ തുടർന്നുവരികയാണ്, വേഗത്തിൽ പൂർത്തീകരിക്കാൻ കഴിയുന്നവിധത്തിൽ മുന്നോട്ടുപോകുകയാണ്. അതുകൂടാതെ അവിടെയൊരു വാണിജ്യ സമുച്ചയം പണിയുന്നതിനുവേണ്ടി ഒരു കോടി രൂപ നേരത്തെ തന്നെ അനുവദിച്ചു. അതിന്റെ പണിയും തൃപ്തികരമായി മുന്നോട്ട് പോകുകയാണ്. അങ്ങ് ഇവിടെ അഡ്മിനിസ്ട്രേറ്റീവായിട്ടുള്ള ചില കാര്യങ്ങളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. അഡ്മിനിസ്ട്രേറ്റീവായിട്ടുള്ള ഡിഫക്ട്സ് പരിശോധിച്ച് പരിഹരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കുന്നതാണ്. പ്രൊഫ. സി. രവീന്ദ്രനാഥ് കെ.

എസ്.ആർ.ടി.സി.യുടെ പൊതുസ്ഥിതിയെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ ഞാൻ പറഞ്ഞ മറുപടി അങ്ങേയ്ക്കും ആപ്ലിക്കബിളാണ് എന്ന് മാത്രം ഓർമ്മിപ്പിക്കുകയാണ്. കെ.എസ്.ആർ.ടി. സി.യെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എല്ലാവരും ഒത്തൊരുമിച്ച് പോകണം. അതിനുവേണ്ടിയുള്ള ഒരു ശ്രമം ഉണ്ടാകണം. അങ്ങ് ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ കെ. എസ്. ആർ. ടി സി.-ക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നതാണ്.

<u>നെല്ലിന്റെ സംഭരണവില</u>

<u>ശ്രീ. എം. ചന്ദ്രൻ</u> : സർ, പാലക്കാട് ജില്ലയിലെ നെൽകൃഷിക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന അതീവ ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ. കഴിഞ്ഞ രണ്ടാംവിളയിൽനിന്നും പാലക്കാട് ജില്ലയിൽ 127602 ടൺ നെല്ലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ചത്. അതിന്റെ വില 240 കോടി രൂപയാണ്. അതിൽ 104 കോടി രൂപ മാത്രമാണ് കൃഷിക്കാർക്ക് നൽകിയിട്ടുള്ളത്. മാസങ്ങൾ കഴിഞ്ഞിട്ടും ബാക്കിയുള്ള 136 കോടി രൂപ നൽകിയിട്ടില്ല. പുതിയ വിളവിറക്കേണ്ട ഈ ഘട്ടത്തിൽപ്പോലും അവർ കടം വാങ്ങാൻ നടക്കുകയാണ്. അതിനുപുറമേ ഒരു ഏക്കറിന് 2200 കിലോ നെല്ല് മാത്രമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ചത്. ഒരേക്കറിന് 3000 കിലോ നെല്ല് അവിടെ ഉല്പാദിപ്പിക്കപ്പെട്ടിട്ടും അത് മുഴുവൻ സംഭരിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തയ്യാറാകാത്തതിനാൽ വിലകുറച്ച് നെല്ല് വിൽക്കേണ്ടുന്ന സ്ഥിതി പാലക്കാട് ജില്ലയിലെ

കൃഷിക്കാർക്കുണ്ടായി. അതുപോലെതന്നെ 19 രൂപയാണ് താങ്ങുവിലയായി സർക്കാർ നിശ്ചയിച്ചിട്ടുള്ളതെങ്കിലും 18 രൂപ നിശ്ചയിച്ചാണ് നെല്ലിന് വില നൽകിയിട്ടുള്ളത്. 19 രൂപ വില പ്രഖ്യാപിച്ചെങ്കിലും 18 രൂപ മാത്രം നൽകുന്ന നടപടി ശരിയല്ല. അതുകൊണ്ട് 19 രൂപ വച്ചുതന്നെ കൃഷിക്കാർക്ക് നൽകാനുള്ള നടപടിയുണ്ടാകണം. അതിനുപുറമേ അടിയന്തരമായി ബാക്കി നൽകാനുള്ള 136 കോടി രൂപ കൃഷിക്കാർക്ക് കൊടുക്കണം എന്നാണ് അഭ്യർത്ഥിക്കുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2005 മുതലാണ് നെല്ല് സംഭരിച്ചുതുടങ്ങിയത്. ഇത് വിജയകരമായി മുന്നോട്ടുപോകുന്നു. 2012–13–ൽ 3.58 ലക്ഷം നെല്ല് സംഭരിച്ചു. അന്ന് 17 രൂപയായിരുന്നു നെല്ലിന്റെ വില. ആ ഇനത്തിൽ 610 കോടി രൂപ കർഷകർക്ക് നൽകി. 2013–14 ഒന്നാം സീസണിൽ 1.36 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു, അതിന്റെ വില കിലോഗ്രാമിന് 18 രൂപ നിരക്കിൽ 244 കോടി രൂപ കർഷകർക്ക് നൽകുകയുണ്ടായി. 85957 മെട്രിക് ടൺ നെല്ല് പാലക്കാട് ജില്ലയിൽ നിന്നുമാണ് സംഭരിച്ചത്. അതിന്റെ വില 154 കോടി രൂപ കർഷകർക്ക് 06–01–2014–ൽത്തന്നെ കൊടുത്തുതീർക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കാര്യം രണ്ടാം സീസണിലേതാണ്. 2013–14 രണ്ടാം സീസണിൽ സംസ്ഥാനത്ത് നല്ല വിളവ് ലഭിക്കുകയും അതിനനുസൃതമായി 06–06–2014 വരെ 3.97 ലക്ഷം ടൺ നെല്ല് സംഭരിക്കുകയും ചെയ്തു.

അതിൽത്തന്നെ പാലക്കാട് ജില്ലയുടെ സംഭാവന ഒന്നേകാൽ ലക്ഷം മെട്രിക് ടൺ ആയിരുന്നു. 02–03–2014 വരെ 18 രൂപ നിരക്കിലാണ് നെല്ല് സംഭരിച്ചത്. അതിനുശേഷം സംഭരിച്ച നെല്ലിനാണ് 19 രൂപ നിരക്കിൽ കർഷകർക്ക് നൽകുന്നത്. അതിനനുസൃതമായി 242 കോടി രൂപയാണ് അവർക്ക് ലഭ്യമാകാനുണ്ടായിരുന്നത്. അതിൽ 147 കോടി രൂപ നൽകിക്കഴിഞ്ഞു. ബാക്കിയുള്ള തുക കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ ദിവസത്തെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി ഇക്കാര്യം പറഞ്ഞതാണ്. 150 കോടി രൂപ ലഭ്യമാക്കുവാനുള്ള സാഹചര്യം ഒരുക്കി. അതിനോടൊപ്പം അടുത്ത ത്രൈമാസത്തിലേക്കുള്ള കേന്ദ്ര ധനസഹായമായ 150 കോടി രൂപ അഡ്വാൻസ് പേയ്മെന്റായി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് പാലക്കാട് ഉൾപ്പെടെ എല്ലാ ജില്ലകളിലെയും കുടിശ്ശിക തുക കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിക്കും. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കർഷകരിൽ നിന്നും ഉൽപ്പാദിപ്പിച്ച നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. അങ്ങനെ സംഭരിക്കാത്തത് സാങ്കേതികമായ എന്തെങ്കിലും വിഷയമുള്ളതുകൊണ്ടായിരിക്കും. ഗവൺമെന്റ് അക്കാര്യം പരിശോധിക്കാം.

## മത്സ്യസംസ്ക്കരണ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എ. എം. ആരിഫ്: സർ, ഇന്ത്യയുടെ വിദേശനാണ്യശേഖരത്തിലേക്ക് കോടിക്കണക്കിന് രൂപ ലഭിക്കുന്നതിന് സഹായിക്കുന്ന തൊഴിലാളികളാണ് തുച്ഛമായ വരുമാനത്തിൽ ജോലിചെയ്യുന്ന പീലിംഗ് മത്സ്യസംസ്ക്ക

രണത്തൊഴിലാളികൾ. ഏറ്റവും മലീമസമായ ചുറ്റുപാടിൽ ഐസിൽനിന്ന് രാപ്പകൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ചോരയും നീരുമാണ് കയറ്റുമതിക്കാരുടേയും സർക്കാരിന്റെയും ഖജനാവിലേക്ക് കോടികളായി എത്തുന്നത്. സംസ്ഥാന മത്സ്യഅനുബന്ധതൊഴിലാളി ക്ഷേമനിധിയുടെ ഭാഗമായി നാമമാത്രമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതൊഴിച്ചാൽ കേന്ദ്രസർക്കാരിന് ലഭിക്കുന്ന കോടിക്കണക്കിന് രൂപയുടെ ചെറിയൊരു വിഹിതംപോലും ഇവരുടെ ക്ഷേമത്തിനായി ലഭിക്കുന്നില്ല. മത്സ്യക്കയറ്റുമതിയെ സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും രൂപീകരിച്ച എം.പി.ഇ.ഡി.എ (മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി) ചെറിയൊരു തുകപോലും തൊഴിലാളികളുടെ ക്ഷേമത്തിനായി മുടക്കുന്നില്ല. ഇതിനായി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. ഈ തൊഴിലാളികൾക്ക് യാതൊരു സ്ഥിരവരുമാനവും ലഭിക്കുന്നില്ല. ഇവരെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തണമെന്ന് ദീർഘകാലമായി നാം ആവശ്യപ്പെടുന്നു. കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശ് കേരളത്തിൽ വന്നപ്പോൾ മന്ത്രി ശ്രീ. കെ. സി. ജോസഫുൾപ്പെടെയുള്ളവർ അദ്ദേഹത്തെ കണ്ട് ഇക്കാര്യം ബോദ്ധ്യപ്പെടുത്തിയതാണെങ്കിലും അതിൽ യാതൊരു തീരുമാനവും ഉണ്ടായില്ല. ഇപ്പോഴത്തെ ഗവൺമെന്റിനു മുന്നിൽ ഈ വിഷയം വീണ്ടും ഉന്നയിച്ച് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്താൻ കഴിഞ്ഞാൽ തൊഴിലാളികൾക്ക് വരുമാനവും ജോലിസ്ഥിരതയും ഉണ്ടാകും. പീലിംഗ് തൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീ. എസ്. ശർമ്മ ഫിഷറീസ് വകുപ്പിലെ ഒരു അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ ഒരു മൂന്നംഗ സമിതിയെ നിയോഗിച്ചിരുന്നു. ആ സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും ചില കാര്യ

ങ്ങളിൽ വീണ്ടും പരിശോധന ആവശ്യമാണെന്ന് രേഖപ്പെടുത്തിയതു കാരണം അതിലെ പൊതുവായ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞില്ല. പിന്നീട് ഈ ഗവൺമെന്റ് വന്നപ്പോൾ വകുപ്പുമന്ത്രി ശ്രീ. കെ. ബാബു ഫിഷറീസ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ വച്ചുവെങ്കിലും പഠനം നടത്തി ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഇവർക്ക് മിനിമം വേജസ് കൊടുക്കുന്നതിനുവേണ്ടി ശ്രീമതി മേഴ്സിക്കുട്ടി അമ്മ ചെയർപേഴ്സണായ കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് കൊടുത്തെങ്കിലും മിനിമം വേതനം ലഭിക്കുന്നില്ല. പീലിംഗ് തൊഴിലാളികൾക്ക് ആധുനിക തൊഴിൽ സൗകര്യങ്ങളും ഗ്ലൗസും നൽകണം. ഇവർക്ക് മിനിമം കൂലി, ആരോഗ്യപരിരക്ഷ, പി.എഫ്., ൻഷ്വറൻസ് ആനുകൂല്യങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹധനസഹായം, വീടുവയ്ക്കാനുള്ള സഹായം ചികിത്സാ സഹായം, മരണാന്തര ചടങ്ങുകൾക്കുള്ള സഹായം തുടങ്ങിയവ ഉറപ്പുവരുത്താൻ കഴിയണം. ഈ തൊഴിലാളികൾക്ക് ആവശ്യമായ പരിരക്ഷ നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി ചെയ്യണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, പീലിംഗ് ഷെഡ് തൊഴിലാളികളുടെ പ്രയാസങ്ങളെക്കുറിച്ച് ശ്രീ. എ. എം. ആരിഫ്, എം.എൽ.എ. ചൂണ്ടിക്കാണിച്ചത് യാഥാർത്ഥ്യമാണ്. വളരെ പ്രയാസകരമായ സാഹചര്യങ്ങളിലാണ് പീലിംഗ് ഷെഡ് തൊഴിലാളികൾ പണിയെടുക്കുന്നതും ജീവിക്കുന്നതും. ഇവർ സർക്കാരിന്റെ കീഴിലുള്ള തൊഴിലാളികളല്ല, സ്വകാര്യ വ്യവസായികളുടെ തൊഴിലാളികളാണ്. അതുകൊണ്ട് ഗവൺമെന്റിന് ഇക്കാര്യത്തിൽ നേരിട്ട് ബന്ധപ്പെടുന്നതിന് പരിമിതികളുണ്ട്. പീലിംഗ് തൊഴിലാളികളെ അനുബന്ധ മത്സ്യത്തൊഴിലാളികളായി രജി

സ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ കമ്മീഷൻ ഫണ്ട് ബോർഡിനും പ്രാഥമിക സഹകരണസംഘങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനും അതുവഴി എൻ.ഡി.സി., എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി., എൻ.സി.ഡി.സി. മുതലായ സ്ഥാപനങ്ങളിൽനിന്ന് വായ്പകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ  മത്സ്യഫെഡ്ഡിന്റെ മാനേജിംഗ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ജില്ലയുടേയും അധികാരപരിധിയിൽ വരുന്ന പീലിംഗ് ഷെഡുകൾ എൻലിസ്റ്റ് ചെയ്യുവാനും അവയെ എം.പി.ഇ.ഡി.എ. യിൽ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കാൻ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എം.പി.ഇ.ഡി.എ. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഒരു രൂപപോലും അനുവദിക്കുന്നില്ലെന്ന് ശ്രീ. എ. എം. ആരിഫ് പറഞ്ഞത് ശരിയാണ്. സർക്കാർ ഉത്തരവ് 919/2013/മത്സ്യതുറമുഖവകുപ്പ്,  തീയതി 04-11-2013  പ്രകാരം ഡയറക്ടർ ഓഫ് ഫിഷറീസ് ചെയർമാനായിട്ടുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പീലിംഗ് തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം പ്രസ്തുത കമ്മിറ്റികൾക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട്. മത്സ്യബന്ധന അനുബന്ധത്തൊഴിലാളി ക്ഷേമ പദ്ധതിയിൽ ഭേദഗതി വരുത്തി പീലിംഗ് തൊഴിലാളികളെക്കൂടി മത്സ്യബന്ധന അനുബന്ധത്തൊഴിലാളികളായി അംഗീകരിച്ച് രജിസ്ട്രേഷൻ നൽകി ക്ഷേമനിധിബോർഡിൽ  ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രതിമാസം 20 രൂപയാണ് അവർ വിഹിതമായി അടയ്ക്കേണ്ടത്. അപ്രകാരം അംഗങ്ങളായിരിക്കുന്നവർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, വാർദ്ധക്യകാല പെൻഷൻ പദ്ധതി, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന

ധനസഹായം തുടങ്ങിയ പല ക്ഷേമപദ്ധതികളും ഏർപ്പെടുത്തിയിട്ടുണ്ട്. ക്ഷേമപദ്ധതികളുടെ വിശദമായ വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് ഞാൻ നൽകുന്നതാണ്. പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച കമ്മീഷന്റെ നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിലെ സ്ത്രീത്തൊഴിലാളികളിൽ ഗർഭാശയരോഗങ്ങൾ വർദ്ധിക്കുന്നതായി ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ഗർഭാശയരോഗം ബാധിക്കുന്ന സ്ത്രീത്തൊഴിലാളികളുടെ ചികിത്സയ്ക്കായി 50,000 രൂപ വരെ നൽകാൻ ഉടൻ നടപടി സ്വീകരിക്കുന്നതാണ്. ട്രോളിംഗ് നിരോധനകാലത്ത് പീലിംഗ് തൊഴിലാളികൾക്ക് സൗജന്യ റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇവർക്കുവേണ്ടി ഇനിയും എന്തുചെയ്യാൻ കഴിയുമെന്നുള്ളത് തീർച്ചയായും ഗൗരവമായി പരിശോധിക്കുന്നതാണ്. ഇതിനായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയെ ബഹുമാനപ്പെട്ട എം.എൽ.എ. കൂടി പങ്കെടുത്ത യോഗത്തിൽ വച്ച് തീരുമാനിച്ചിരുന്നു. ആ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സി.എച്ച്.സി യിൽ തസ്തിക സൃഷ്ടിക്കൽ

ശ്രീ. സി. മോയിൻകുട്ടി: സർ, എന്റെ മണ്ഡലത്തിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരും മറ്റ് ദുർബല വിഭാഗത്തിൽപ്പെട്ടവരുമായ വളരെയേറെ ആളുകളുള്ള കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഒരു പി.എച്ച്.സി.യെ സംബന്ധിച്ചതാണ് ഈ സബ്മിഷൻ. നേരത്തേ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി പ്രവർത്തിച്ചിരുന്ന പ്രസ്തുത പി.എച്ച്.സി.യെ വീണ്ടും

സി.എച്ച്.സി. ആക്കുന്നതിന് ക്യാബിനറ്റ് തീരുമാനിച്ചിരുന്നതാണ്. 31-08-2013 -ന് സി.എച്ച്.സി ആക്കി ഉത്തരവാകുകയും ചെയ്തു. ഈ ഉത്തരവ് പ്രകാരം സി.എച്ച്.സി. ക്ക് ആവശ്യമായ അപ്ഗ്രഡേഷൻ അടക്കമുള്ള കാര്യങ്ങൾ, സൃഷ്ടിക്കേണ്ട അധിക തസ്തിക എന്നിവ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുന്ന തിനുവേണ്ടി ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകിയിട്ട് 9 മാസമായെങ്കിലും നാളിതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രസ്തുത സി.എച്ച്.സി. ബഹു മാനപ്പെട്ട വകുപ്പുമന്ത്രി 25-02-2014-ന് ഉദ്ഘാടനം ചെയ്തതാണ്. ഏഴ് ഡോക്ടർമാർ ഉണ്ടാകേണ്ട സ്ഥാനത്ത് അവിടെ ഒരു ഡോക്ടറാണുള്ളത്. മൂന്ന് ക്ലാർക്കുമാർക്ക് പകരം ഒരാളേയുള്ളൂ. ഫാർമസിസ്റ്റ് രണ്ടാൾ വേണ്ടി ടത്ത് ഒരാളാണ്. ഏഴ് സ്റ്റാഫ് വേണ്ടിടത്ത് ഒന്നും നഴ്സിംഗ് അസിസ്റ്റന്റുമാർ അഞ്ചുപേർ വേണ്ടിടത്ത് ഒരാളുമാണുള്ളത്. ലാബ് ടെക്നീഷ്യനും റേഡി യോഗ്രാഫറും ഒന്നുപോലുമില്ല. ആകെ കിട്ടിയത് പി.എച്ച്.സി. യുടെ ബോർഡിന് പകരം സി.എച്ച്.സി. എന്ന ബോർഡാണ്. മറ്റൊരു ഗുണവും ഉണ്ടായിട്ടില്ല. ഇക്കാര്യം നിരവധി തവണ ഡി.എച്ച്.എസ്.-ഉം മന്ത്രിയുമടക്ക മുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഈ പ്രശ്നത്തിന് അടിയന്തരമായി പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, കോടഞ്ചേരിയിലെ പ്രസ്തുത ഹെൽത്ത് സെന്റർ പി.എച്ച്.സി. ആയിട്ടാണ് നിലവിൽ പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, 31-08-2013-ലാണ് അദ്ദേഹത്തിന്റെ ആവശ്യപ്ര കാരം സി.എച്ച്.സി. യായി ഉയർത്തിയത്. ഇവിടത്തെ പ്രതിമാസ ഒ.പി. 2300

ആണ്. ഐ.പി. സംവിധാനം നിലവിലില്ല. പി.എച്ച്.സി. യുടെ സ്റ്റാഫ് പാറ്റേണാണ് അവിടെയുള്ളത്. ഒരു മെഡിക്കൽ ഓഫീസറും പത്ത് ജീവനക്കാരുമുണ്ട്. സി.എച്ച്.സി. പാറ്റേണനുസരിച്ച് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. 2013–14, 2014–15 സാമ്പത്തിക വർഷങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എന്നാലും പ്രൊപ്പോസൽ ലഭിച്ചാൽ ന്യൂ സർവ്വീസ് സ്കീം അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## താലൂക്കാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പീരുമേട് താലൂക്കാശുപത്രിയുടെയും വണ്ടിപ്പെരിയാർ സി.എച്ച്.സി., ഉപ്പുതറ സി.എച്ച്.സി. എന്നീ ആശുപത്രികളുടെയും ശോചനീയാവസ്ഥയാണ് ഈ സബ്മിഷനിലൂടെ അങ്ങയുടെ മുമ്പിൽ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നത്. പീരുമേട് താലൂക്കാശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെയില്ല. ലേബർ റൂമില്ല. താലൂക്കാശുപത്രിക്കാവശ്യമായ ഒരു അടിസ്ഥാനസൗകര്യങ്ങളും സംവിധാനങ്ങളും ഡോക്ടർമാരുടെ സാന്നിദ്ധ്യംപോലും ആശുപത്രിയിൽ ഇല്ലായെന്നുള്ള ശോചനീയാവസ്ഥ ഏറ്റവും ഗതികെട്ട ഒരവസ്ഥയിലേക്ക് ആശുപത്രിയുടെ സ്ഥിതി കൊണ്ടു ചെന്നെത്തിച്ചിട്ടുണ്ട്. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ പഞ്ചായത്താണ് വണ്ടിപ്പെരിയാർ. എന്നിട്ടുപോലും വണ്ടിപ്പെരിയാർ സി.എച്ച്.സി.യിൽ ആവശ്യത്തിന് ഡോക്ടർമാരില്ല. ഉപ്പുതറ സി.എച്ച്.സി.യുമായി ബന്ധപ്പെട്ട

ഗതികേടുകളടക്കം, വാക്കുകൾ കൊണ്ട് പറയാൻ പറ്റാത്ത വിധം അത്ര മാത്രം ശോചനീയമായ സ്ഥിതിയിലാണ് ഈ ആശുപത്രികളൊക്കെ സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് പീരുമേട് താലൂക്കാശുപത്രിയെ ഒന്നാം റഫറൽ ആശുപത്രിയാക്കിമാറ്റണം. പീരുമേട് താലൂക്കാശുപത്രിയിൽ നിന്ന് ഏകദേശം 90 കിലോമീറ്ററോളം യാത്ര ചെയ്തെങ്കിൽ മാത്രമേ കോട്ടയം മെഡിക്കൽ കോളേജിലേക്ക് എത്തിച്ചേരാൻ കഴിയുകയുള്ളു. പീരുമേട് താലൂക്കാശുപത്രിയിൽ രോഗികൾ എത്തിയാൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായെന്നുള്ളതുകൊണ്ടുതന്നെ അവർ കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിലേക്ക് എത്തിച്ചേരുന്ന സാഹചര്യമുണ്ട്. അവിടെച്ചെല്ലുമ്പോൾ നിങ്ങളുടെ താലൂക്കാശുപത്രിയിൽ എന്താണ് ഈ സൗകര്യങ്ങൾ ഇല്ലാത്തത്; നിങ്ങൾ എന്താണ് ഇങ്ങോട്ട് പോരുന്നത് എന്ന ഒരു സമീപനം കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സാഹചര്യമുണ്ട്. പിന്നെ തേനി മെഡിക്കൽ കോളേജിനെയാണ് ആളുകൾക്ക് ആശ്രയിക്കേണ്ടി വരുന്നത് എന്നുള്ളതുകൊണ്ട് പീരുമേട് താലൂക്കാശുപത്രിയെ തോട്ടം തൊഴിലാളികൾക്ക് ഏറ്റവും കൂടുതലായി ആശ്രയിക്കേണ്ടി വരുന്നു എന്നുള്ളതുകൊണ്ടുതന്നെ വണ്ടിപ്പെരിയാർ സി.എച്ച്.സി.യുടെയും ഉപ്പുതറ സി.എച്ച്.സി.യുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ അടിയന്തിര ഇടപെടൽ ഉണ്ടാകണം. ആവശ്യത്തിന് ഡോക്ടർമാരെ പോസ്റ്റ് ചെയ്യണം. മരുന്നും മറ്റ് സംവിധാനങ്ങളും ക്രമീകരിക്കണം എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ അങ്ങയുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

ആരോഗ്യവും, കുടുംബക്ഷേമവും, ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, പീരുമേട് ഗവൺമെന്റ് ആശുപത്രിയെ 1988-ലാണ് താലൂക്കാശുപത്രിയായി ഉയർത്തിയത്. കുമിളി, വണ്ടിപ്പെരിയാർ, പീരുമേട്, ഏലപ്പാറ, ഉപ്പുതറ തുടങ്ങിയ പ്രദേശങ്ങളിലെ സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന ഏക താലൂക്കാശുപത്രിയാണിത്. 24 കിടക്കകളുള്ള പുരുഷന്മാരുടെ വാർഡ്, 30 കിടക്കകളുള്ള സ്ത്രീകളുടെ വാർഡ്, എക്സ്-റേ റൂം, കാഷ്വാലിറ്റി, ഒ.പി., ആംബുലൻസ് സൗകര്യം, 12 മണിക്കൂർ പ്രവർത്തിക്കുന്ന ലാബ്, മോർച്ചറി, ഡോക്ടർമാരുടെ നാല് ക്വാർട്ടേഴ്സ്, ഏഴ് സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നീ ഭൗതിക സാഹചര്യങ്ങൾ ഇപ്പോൾ ഈ ആശുപത്രി യിൽ നിലവിലുണ്ട്. ആർ.എസ്.ബി.വൈ., ആർ.ബി.എസ്.കെ., ഇമ്മ്യൂണൈ സേഷൻ വിംഗ്, പാലിയേറ്റീവ് കെയർ, സെക്കണ്ടറി ലെവൽ പാലിയേറ്റീവ് കെയർ, മൊബൈൽ മെഡിക്കൽ യൂണിറ്റ്, ആർ.എൻ.റ്റി.സി.പി., ഐ.സി.റ്റി. സി., 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി എന്നിവ ഇവിടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഡോക്ടർമാരുടെ ഏഴ് തസ്തികകൾ നിലവിലുള്ളതിൽ മൂന്ന് ഒഴിവുകളുമുണ്ട്. പക്ഷേ ആ മൂന്നൊഴിവുകളിലും അഡ്ഹോക് വ്യവസ്ഥയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുമുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം. മുഖേന ഒരു ഡോക്ടറുടെയും വർക്കിംഗ് അറേഞ്ച്മെന്റിൽ ഒരു ഡോക്ടറുടെയും സേവനം കൂടി ലഭ്യമാക്കിയിട്ടുണ്ട്. അങ്ങനെ 7 തസ്തികകളാണ് ഉള്ളതെങ്കിലും അവിടെ 9 ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള സ്പെഷ്യാലിറ്റി തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് വകുപ്പിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽ

നിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഇതിൽ നിന്നും നിയമനം നൽകുന്നതിനുള്ള നടപടികളും ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. പി.ജി. ഡോക്ടർമാരെ സ്പെഷ്യാലിറ്റി ഡോക്ടർമാരായി നിയമിക്കുന്നുണ്ട്. ഒഴിവുള്ള ഫാർമസിസ്റ്റിന്റെയും സ്റ്റാഫ് നഴ്സിന്റെയും തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ലാബ് ടെക്നീഷ്യന്റെ തസ്തിക നിലവിലില്ലെങ്കിലും വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ ഈ ആശുപത്രിയിൽ ആധുനിക രീതിയിൽ 2.35 കോടി രൂപയുടെ മെറ്റേണിറ്റി വിംഗ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ഉടൻ നൽകുന്നതാണ്. അതുപോലെ വണ്ടിപ്പെരിയാർ, ഉപ്പുതറ എന്നീ സി.എച്ച്.സി. കളിൽ ഡോക്ടർമാരുടെ തസ്തികകളിൽ ഒഴിവില്ല. മുഴുവൻ തസ്തികകളിലും അവിടെ ഡോക്ടർമാരുണ്ട്. ഈ സി.എച്ച്.സി.കളിൽ ലേബർ റൂം സജ്ജീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഗവൺമെന്റിൽ ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## അനിൽകുമാറിന്റെ മരണം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, തിരുവനന്തപുരം ജില്ലയിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കാട്ടാക്കട പൂവച്ചൽ ശാഖയിൽ നിന്നും കാർഷിക വായ്പ എടുത്ത കാട്ടാക്കട പൂവച്ചൽ, കാപ്പിക്കാട്, ഇറയൻകോട്, പണയിൽ വീട്ടിൽ ബിന്ദു അനിൽ കുമാറിന്റെ ഭർത്താവ് അനിൽകുമാർ, 33 വയസ്സ് 09-06-2014-ൽ അർദ്ധരാത്രിയിൽ ആത്മഹത്യ ചെയ്തു. അനിൽകുമാറിനും ബിന്ദുവിനും കൂടി ആകെയുണ്ടായിരുന്ന 27 സെന്റ് സ്ഥലം പണയപ്പെടുത്തിയാണ് 60,000/- രൂപ കാർഷിക വായ്പയെടു

ത്തത്. 2005 മാർച്ച് 15-ന് കിസ്സാൻ ക്രെഡിറ്റ് കാർഡ് 10218-ാം നമ്പർ അക്കൗണ്ടിലാണ് ബിന്ദുവിന് വായ്പ ലഭിച്ചത്. 10-07-2008-വരെ 36,000/- രൂപ അടച്ചിട്ടുണ്ട്. ബാക്കി 24,000/- രൂപയേ ഉള്ളൂ. മൂന്ന് മാസങ്ങൾക്കു മുമ്പ് എസ്.ബി.റ്റി. പൂവച്ചൽ ബ്രാഞ്ച് മാനേജർ വീട്ടിലെത്തി 90,000/- രൂപ അടയ്ക്കണമെന്നും ഈ തുക ഉടൻ അടച്ചില്ലായെങ്കിൽ ജപ്തി ചെയ്യുമെന്നും ഭീഷണിപ്പെടുത്തി. തുടർന്ന് അനിൽകുമാറും ബിന്ദുവും ബാങ്കിലെത്തി തങ്ങൾക്കുള്ള കടഭാരവും വിളനാശവും ബാങ്ക് മാനേജരെ ബോദ്ധ്യപ്പെടുത്തി.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓപ്പറേഷൻ കുബേര പ്രയോഗിക്കേണ്ടതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, അങ്ങയുടെ മണ്ഡലത്തിലാണ്. എനിക്കൊരു കാര്യവുമില്ല എങ്കിലും ഞാൻ പറയുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓപ്പറേഷൻ കുബേര ഇവിടെയും ആവശ്യമാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, എന്നിട്ട് 09-06-2014-ന് മാനേജരും റീജിയണൽ ഓഫീസറും സ്ഥലത്തെത്തി ഭൂമി ബാങ്ക് ഏറ്റെടുത്തിരിക്കുന്നതായി ഫ്ളക്സ് ബോർഡ് റബ്ബർ മരത്തിൽ വച്ചു. കടഭാരത്തിൽ നിസ്സഹായനായ അനിൽ കുമാർ മനംനൊന്ത് കെട്ടിടത്തിനകത്ത് തൂങ്ങിമരിക്കുകയായിരുന്നു. അനിൽ കുമാറിന്റെ ഭാര്യ ബിന്ദു, ഒമ്പത് വയസ്സായ മകൾ അരുണിമ, അഞ്ച് വയസ്സായ മകൻ അഭിജിത്ത് എന്നിവർ ഇന്ന് അനാഥരാണ്. ബിന്ദുവിന്റെ അമ്മയുടെ പേരിലുള്ള ഒരു ചെറിയ ഷീറ്റിട്ട

കുടിലിലാണ് താമസം. അനിൽ കുമാറിന്റെ ആത്മഹത്യ സർക്കാരിന്റെ കർഷക രക്ഷയുടെ പൊള്ളത്തരം കാണിക്കുന്നു. കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം, കാർഷികാശ്വാസം എന്നിവ പ്രഖ്യാപിച്ചിട്ടും ഒന്നുംതന്നെ ചെയ്യുന്നില്ല. ഒരു കാര്യം മാത്രമാണ് പറയാനുള്ളത്, അരുണിമയും അഭിജിത്തും ബിന്ദുവും അനാഥരാണ്. ഇവരെ സംരക്ഷിക്കാനുള്ള ചുമതല സർക്കാർ ഏറ്റെടുക്കണം. യഥാർത്ഥത്തിൽ സെക്ഷൻ 302 പ്രകാരം കൊലക്കുറ്റത്തിന് കേസ് എടുക്കേണ്ടതാണ്. ഇവരുടെ ബാദ്ധ്യത തീർത്തുകൊടുക്കണം. ഇത്രയും കാര്യം ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എന്റെയടുത്ത് അവർ ഇതുവരെയും വന്നിട്ടില്ല. എന്നെ ഈ വിവരം അറിയിച്ചിട്ടുമില്ല. ഞാൻ ഇതിനോട് യോജിക്കുന്നു. അവരെന്നെ കാണുകയോ എന്നെ വിവരം അറിയിക്കുകയോ ചെയ്തിട്ടില്ല എന്ന് ഞാൻ പറഞ്ഞതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അനിൽകുമാർ ആത്മഹത്യചെയ്ത വിവരം ഇന്നത്തെ പത്രങ്ങളിലൊക്കെയുണ്ട്. തിരുവനന്തപുരം ജില്ലയിൽ പൂവച്ചൽ കാപ്പിക്കാട്, ഇറയൻകോട് പണയിൽ വീട്ടിൽ അനിൽകുമാർ, 33 വയസ്സ് 09-06-2014-നാണ് ആത്മഹത്യ ചെയ്തത്. ആത്മഹത്യ വിളപ്പിൽശാല പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 596/14 ആയി രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു

ണ്ട്. ശ്രീ. അനിൽകുമാർ എസ്.ബി.റ്റി. പൂവച്ചൽ ശാഖയിൽ നിന്നും ഏതെങ്കിലും വായ്പ എടുക്കുകയോ ഏതെങ്കിലും വായ്പയ്ക്ക് ജാമ്യം നിൽക്കുകയോ ചെയ്തിട്ടില്ല. ടിയാന്റെ ഭാര്യ ശ്രീമതി ബിന്ദു 2005-ൽ എസ്. ബി.റ്റി. പൂവച്ചൽ ശാഖയിൽ നിന്നും 60,000/- രൂപ ഏഴ് വർഷക്കാലയളവിൽ ദീർഘകാലവായ്പയായി ലോൺ എടുത്തിട്ടുണ്ട്. വായ്പയ്ക്ക് ജാമ്യമായി നൽകിയിരുന്നത് 20 സെന്റ് വസ്തുവായിരുന്നു. വായ്പയുടെ കാലാവധി 2012-ൽ അവസാനിച്ചു. ഇപ്പോൾ വായ്പാ കുടിശ്ശിക 1,06,000/- രൂപ യായാണ് നിലനിൽക്കുന്നത്. കുടിശ്ശിക ഈടാക്കാൻ ബാങ്ക് ജപ്തി നോട്ടീസ് നൽകിയിരുന്നു. ശ്രീ. അനിൽ കുമാർ കർഷകനല്ല. മറിച്ച് കൂലിപ്പണിക്കാര നാണ് എന്നാണ് അറിയുന്നത്. കാർഷികകടം കാരണമാണ് ഇയാൾ ആത്മഹത്യ ചെയ്തതെന്നും കാണുന്നില്ല. എന്നാലും ഈ കാര്യം ബഹുമാന പ്പെട്ട അംഗം സഭയിൽ ഉന്നയിച്ചതിന്റെ പശ്ചാത്തലത്തിൽ കൂടുതൽ അന്വേഷണം നടത്തുകയും കൂടുതൽ സഹായങ്ങൾ ഇവരുടെ കുടുംബ ത്തിന് നൽകാൻ കഴിയുമോ എന്നതിനെക്കുറിച്ച് പരിശോധിച്ച് വരുന്നതുമാ ണ്.